For Private Circulation Only

June 2022

ആഗമനാരുണൻ

HOLY BIBLE

Vol.69

ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കുകയും ചെയ്ക " (ഗലാ. 5:25)

No.6

" ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ " (യാക്കോ.4:7)

.....നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ എന്നതിൽ കൂടി നമ്മുടെ ഹൃദയത്തെയാണ് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലേയ്ക്ക് സമർപ്പിച്ചുകൊടുക്കുന്നത്: ഹൃദയഹാരിയായതും സചേതനവും വേഗത്തിൽ ഉദ്ധിതമായതും ദൈവത്തിന്റെ ആത്മാവ് വളരെ കഠിന പ്രയ്തനം ചെയ്യുകയാണ്. അനേകം ക്രിസ്ത്യാനികളെ ശരിയായ വിധത്തിൽ അവരെ നടത്തുവാൻ; അവർ ഒക്കെയും കുതിരകളും കോവർ കഴുതകളും ആണ്, അവയ്ക്ക് ബുദ്ധിയും വിവേകവും ഇല്ല, അവയുടെ വായ് അവരുടെ നിയന്ത്രണം ഏറ്റെടുത്തിരിക്കുകയാണ്. ഓക്ക് വൃക്ഷങ്ങളെ വനത്തിൽ ശക്തിയേറിയ കൊടുങ്കാറ്റിന്റെ ഓരിയിടുന്ന ശബ്ദവും, എന്നാൽ ഇത് ചലിക്കുന്നില്ല, എന്നാൽ നദിയുടെ സമൃദ്ധി മുഖാന്തരം തഴച്ചു വരുന്നതുമായ ഞാങ്ങണ പോലുള്ള സസ്യങ്ങൾ ഈ കൊടുങ്കാറ്റിന്റെ ശ്വാസത്താൽ ബോധരഹിതമാകുന്നു. ഇപ്പോൾ ഇതുപോലുള്ള അനേകം വസ്തുതകളിൽ കൂടി നിങ്ങൾ ഈ ഓക്ക് മരങ്ങളെപ്പോലെയും അതേസമയം ഞാങ്ങനപോലും അല്ലാതാനും, എന്നിട്ടു ഇവിടെ നിങ്ങൾ ഞാങ്ങണയെപോലെ ചലിക്കുകയാണ്. വളരെ മന്ദമായിട്ട് വീശുന്ന ദൈവത്തിന്റെ ആത്മാവിന്റെ ശ്വസന പ്രക്രിയയിൽ കൂടി ഓ, ദൈവത്തിന്റെ ആത്മാവിനാൽ അത് വളരെ സുചേതനാകുകയാണ്, അത് നമുക്ക് സൃഷ്ടിച്ച് എടുക്കാം. നാം നമ്മെ തന്നെ പൂർണ്ണമായിട്ട് അവന്റെ ഹിതപ്രകാരം സമർപ്പിച്ച് കൊടുത്തുകൊണ്ട്.

ചലസമയങ്ങളിൽ പരിശുദ്ധാത്മാവ് നിങ്ങളിൽ മന്ത്രിക്കുന്നുണ്ടാകാം, ഏകാന്തമായീട്ട് പ്രാർത്ഥിക്കുവാൻ. " ആ സമയങ്ങളിൽ നിങ്ങളുടെ വളരെ അടുത്തേയ്ക്കു പ്രവേശിക്കുകയാണ് ഒരു പ്രാവശ്യം". ദാവീദു പറഞ്ഞത് ഓർക്കാം. " എന്റെ മുഖം അന്വേഷിപ്പിൻ എന്നു നിങ്കൽ നിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു" (സങ്കീ. 27:8).

ദൈവത്തിന്റെ ആത്മാവ് ചില സമയങ്ങളിൽ താങ്കളെ നിർബന്ധിക്കുകയാകാം. ഒരു ഉത്തരവാദിത്വം ആയിട്ട് നിങ്ങളെ സ്വയം ത്യജിക്കുന്നതിനായിട്ട്, ഇത് ഒരു പക്ഷേ നിങ്ങളുടെ അനേകം വ്യക്തി താല്പര്യങ്ങൾക്ക് എതിരായിരിക്കാം, എന്നാൽ ഇതിൽ കൂടി താങ്കൾ വലിയ നന്മയാണ് അവനിൽ നിന്നു പ്രാപിക്കുവാൻ പോകുന്നത്. അവിടുത്തെ വിളിയുടെ മുമ്പാകെ അനുസരണക്കേട് കാട്ടരുത്. എന്നാൽ താങ്കൾ ചെയ്തു തീർക്കുവാനുള്ള ജോലികൾ വളരെ വേഗം ചെയ്തു തീർക്കുക. സങ്കീർത്തനക്കാരനോട് ചേർന്ന് നമുക്ക് പറയാം " നിന്റെ കല്പനകളെ പ്രമാണിക്കേണ്ടതിനു ഞാൻ താമസിയാതെ ബദ്ധപ്പെടുന്നു " (സങ്കീ.119:60).

നമ്മുടെ ജീവിതത്തിൽ സംഭവിച്ച തെറ്റുകൾ ഓർത്തുകൊണ്ട് പശ്ചാത്തപിക്കുവാൻ ആത്മാവ് നമ്മെ നിർബന്ധിക്കാറുണ്ട്. ചീത്തയായതും, മലിനമായതുമായ ചില പ്രലോഭനങ്ങളാൽ നാം വഴുതി പോകാതിരിക്കുവാൻ അവിടുന്ന് നമ്മെ ശാസിക്കുന്നുണ്ടാകാം, അല്ലെങ്കിൽ വളരെ കടുത്ത വാക്കുകളാൽ നാം സഹോദരനോട് സംസാരിച്ചത്, അല്ലെങ്കിൽ എന്തുകൊണ്ടെന്നാൽ ലോകത്തിന്റെതായ ചിന്തകൾ നമ്മുടെ ഹൃദയത്തിലേയ്ക്കു വന്നതു മുഖാന്തരം ആണ് നാം തെറ്റിപോയത്. ഓ സഹോദരാ, സഹോദരീ ചില സമയങ്ങളിൽ നിങ്ങൾ ഒക്കെയും സ്വയം ശോധന നടത്തുകയും ആത്മാവിന് പാപവിമോചനം വരുത്തുകയും വേണം.

പരിശുദ്ധാത്മാവിന്റെ പക്കൽ നിന്നും ഒരു സൂചന വരുന്നുവെങ്കിൽ അതു മതി അവിടുത്തേക്കു. ദൈവത്മാവിൽ നിന്നുള്ള ഒരു വാക്ക്, വളരെ മാന്യമായ അവനിൽ നിന്നുള്ള ഒരു ചലനം, ശരിയായ വഴികാട്ടി തരും, അങ്ങനെ അവന്റെ ആജ്ഞാവർത്തികളായി തീരുവാൻ നാം തയ്യാറായി തീരുന്നു.

ഇങ്ങനെയുള്ള ഒരു കാര്യത്തിൽ നിങ്ങളുടെ കൂടുതൽ സമർപ്പണം പരിശുദ്ധാത്മാവ് ആവശ്യപ്പെടുന്നില്ല. നിങ്ങളുടെ താല്പര്യങ്ങൾ പ്രകാരം നടക്കുവാനായിട്ട് പരിശുദ്ധാത്മാവ് നിങ്ങളെ വിഷമിപ്പിക്കുന്നില്ല. മതപരമായ കാര്യാദികളിൽ ഇവിടെ ഒരു പവൃത്തി നടക്കുന്നുണ്ട്. നാം മല്ലുകെട്ടുകയും യുദ്ധം ചെയ്യുകയും വേണം; എന്നാൽ ദശാംശം ആയിട്ട് നാം നമ്മത്തെന്നെ പരിശുദ്ധാത്മാവിന്റെ ആവേശത്താൽ സമർപ്പിക്കപ്പെടേണം, എന്തുകൊണ്ടെന്നാൽ ഇതിൽ കൂടിയാണ് അവന് നമ്മിൽ പ്രവർത്തിക്കുവാൻ താല്പര്യപ്പെടുന്നതെന്ന് അവന്റെ നല്ല സന്തോഷത്താലാണ് പ്രവർത്തിക്കുന്നതെന്നു വെളിപ്പെടുത്തുവാൻ വേണ്ടിയാണ് ഇത്. അവൻ നമ്മിൽ വളരെ ശക്തമായിട്ട് പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. നാമും അങ്ങനെ ആയിരുന്നെങ്കിൽ, എന്നാൽ ഇവിടെ നാം പിൻവാങ്ങുകയാണെങ്കിൽ അവിടുന്ന് ദൈവീക വഴികൾ നടപ്പാക്കുന്നതിൽ തടസ്സം ആകുകയില്ല, അവൻ നമ്മെ കൃപയുടെ വലിയ ഉയരങ്ങളിലേക്ക് നടത്തും, വളരെ മുഴുവനായിട്ട് ക്രിസ്തുവിനെപ്പോൽ നമ്മെ അവിടുന്ന് സൃഷ്ടിച്ച് എടുക്കുകയും ചെയ്യും.

" ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ". അവന്റെ കരങ്ങളിലേക്ക് ചാഞ്ഞ് കൊണ്ടു നമുക്ക് ഇതിന്റെ മാധുര്യം പഠിക്കാം, ഒരു ഇഷ്ടവും അറിയാത്തവരായിട്ട് എന്നാൽ സകലവും അവിടുത്തേത്: നിങ്ങളെ മുഴുവനായിട്ട് അവന്റെ ദൈവീകമായ വശത്തേക്ക് സമർപ്പിച്ച്കൊള്ളുന്നതിനാൽ സംഭവിക്കുന്ന അനുഗ്രഹങ്ങളെ കുറിച്ച് പഠിക്കാം. അങ്ങനെ ഇപ്രകാം നിങ്ങൾ ചെയ്യുന്നതിൽ കൂടി നിങ്ങൾ സ്വർഗ്ഗരാജ്യത്തിലേയ്ക്കു പ്രവേശിക്കുകയാണ്.

പരിശുദ്ധാത്മാവിലേയ്ക്കുള്ള പൂർണ്ണ സമർപ്പണം

By Charles H.Spurgeon

ഹൃദയംതൊട്ടുള്ള അനുസരണം

വാസ്തവത്തിൽ ഒരു ക്രിസ്ത്യാനിയുടെ സ്ഥാനം ഒരു പടയാളിയോട് ശതാധിപൻ പറയുന്നത് ഇപ്രകാരം ആണ്. പോകുക, അപ്പോൾ അവൻ പോകുന്നു, വീണ്ടും ഇത് ചെയ്യുക അവൻ അപ്രകാരം ചെയ്യുന്നു. നമ്മുടെ കർത്താവും രക്ഷിതാവും ആയവങ്കലേയ്ക്കുള്ള നമ്മുടെ സമർപ്പണം വെളിപ്പെടുന്നത് പെട്ടെന്നുള്ള അനുസരണത്തയാണ്. വൈകുന്നത് തീർച്ചയായിട്ട് അനുസരണമില്ലായ്മയെയാണ് സൂചിപ്പിക്കുന്നത്,

(ശേഷം 2-ാംപേജിൽ)

“ നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു ” (റോമ. 8:37).

നമ്മോട് ക്ഷമിക്കുന്ന ഒരു ക്രിസ്തു നമ്മിലേക്കു നോക്കുമ്പോൾ പാപത്തിനോടു യുദ്ധം ചെയ്യുന്ന ഒരു ശക്തി യെ കാണാം. പൗലൊസ് നമ്മെ ഓർമ്മപ്പെടുത്തുന്നത്: “ ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനു മുമ്പിൽ വരെച്ചു കിട്ടിയിരിക്കെ നിങ്ങളെ, ക്ഷുദ്രം ചെയ്തു മയക്കിയതു ആർ? ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു. നിങ്ങൾക്കു ആത്മാവു ലഭിച്ചതു ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവു കൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഡം കൊണ്ടോ സമാപിക്കുന്നത്?” (ഗലാ.3:1-3). നിങ്ങളുടെ പാപത്തെ ക്രിസ്തുവിന്റെ ക്രൂശിലേക്കു കൊണ്ടുവരിക, എന്തുകൊണ്ടെന്നാൽ പഴയ മനുഷ്യനെ അവിടെ മാത്രമെ ക്രൂശിക്കുവാൻ കഴിയുകയുള്ളൂ. നാം അവനോട് ചേർന്ന് ക്രൂശിക്കപ്പെട്ടിരിക്കുന്നു.

ഒരു ഉദാഹരണത്തിനായിട്ട്, ഒരു ചീത്തയായ പ്രലോഭനത്തെ താങ്കൾ എപ്രകാരം ആണ് പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്നത്? ഇത് വളരെ എളുപ്പമാണ് നിങ്ങൾ നേരെ യേശുവിന്റെ അടുക്കൽ കൊണ്ടുവരുമ്പോൾ. ഞാൻ എങ്ങനെയാണ് രക്ഷിക്കപ്പെട്ടത്? ഞാൻ യേശുവിന്റെ സമീപത്തേക്കു നേരിട്ടു വന്നു, എന്നിട്ട് അവന് എന്നെ രക്ഷിക്കുവാൻ കഴിയുമെന്ന് വിശ്വസിച്ചു. ഞാൻ ഇതുമായിട്ട് ക്രൂശിന്റെ മുമ്പിൽ ചെന്ന് നിന്നിട്ട് .യേശുവിനോട് പറയും, കർത്താവേ, ഞാൻ നിന്നെ വിശ്വസിച്ചിരിക്കുന്നു എന്നെ ഇതിൽ നിന്നു മോചിപ്പിക്കുവാൻ കഴിയുമെന്ന്.

വിജയം ക്രിസ്തുവിൽ മാത്രം

By Charls H. Spurgeon

താങ്കൾ ധാരാളം മോഹിക്കപ്പെട്ടിരിക്കുന്നുവോ? താങ്കൾ ചിന്തിക്കുന്നുണ്ടോ ലോകം വലച്ചുവെന്ന്? നിങ്ങൾ ഇതിൽ ഇഷ്ടപ്പെടുന്ന കാലം അത്രയും അത് നിങ്ങളെ വിഷമിപ്പിച്ചുകൊണ്ടിരിക്കും, എന്നാൽ യേശുക്രിസ്തുവിന്റെ രക്തത്തിന് മാത്രമേ ഈ പാപത്തിന്റെ വഴികളിൽ നിന്നു നിങ്ങളെ രക്ഷിക്കുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവിന് ഇത് നല്കുക. താങ്കളുടെ പ്രാർത്ഥനകൾ, പശ്ചാത്തപങ്ങൾ, കണ്ണുനീരുകൾ ഇതെല്ലാം ഒന്നുമില്ല, യേശുവാണ് വലിയവൻ. യേശുവിനുമാത്രമെ ബലഹീനനായ പാപിക്കു നല്ലതു ചെയ്യുവാൻ ശക്തി പകരുന്നത്. അല്ലാതെ വേറെ ഒന്നുമല്ല. അല്ലെങ്കിൽ ബലഹീനരായ വിശുദ്ധന്മാർക്കെല്ലാം. താങ്കൾ പൂർണ്ണജയം പ്രാപിച്ച ഒരുവനാണെങ്കിൽ അവനിൽ കൂടി ഇതൊക്കെയും സാധ്യമാണ്.

❖

(1-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിലേക്കുള്ള പൂർണ്ണ സമർപ്പണം

തിരസ്ക്കരിക്കുന്നത് ഒരു തരത്തിലുള്ള നിഷേധമാണ്. ഞാൻ ഭയപ്പെട്ടു പോകുകയാണ് ഇവിടെ ചില ദൈവമക്കളുടെ അനുസരണക്കേടുകൾ അവരുടെ അഹങ്കാരത്തിന്റെ നല്ല തെളിവ് ആണ്.

ദൈവത്തിന്റെ ഹിതം നമ്മുടെ ജീവിതങ്ങളിൽ പ്രധാനപ്പെട്ടവ അല്ലെ? ഏറ്റവും അടുത്ത സുഹൃത്തിന്റെ ആഗ്രഹം അവൻ ഇഷ്ടപ്പെടുന്നവന് വളരെ നിസ്സാരമായതാണോ? യേശു പറഞ്ഞത്, “നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും” (യോഹ. 14:15). അവർക്ക് വേണ്ടി ഞാൻ വളരെ ലാഘവത്തോട് പ്രവർത്തിക്കുമോ? ഇല്ല, എന്റെ ദൈവമേ, ഇത് അങ്ങനെ റോഡിൽ നിന്നുള്ള ഒരു കല്ല് പൊക്കി ഉയർത്തുന്നതുപോലെ ആയിരുന്നെങ്കിൽ, ചിലന്തി വല തുടച്ച് വൃത്തി ആക്കുന്നതുപോലെ, അവിടുന്ന് അതിനെ അധികാരപ്പെടുത്തിയെങ്കിൽ, അപ്പോൾ അത് നേരെ വളരെ പ്രാധാന്യമുള്ളതുപോലെ, അങ്ങനെ ഇത് എന്റെ ഊർജ്ജിതമായ അനുസരണത്തെ ഇത് പ്രദർശിപ്പിക്കുകയാണ്. ഞാൻ എത്രയോ പൂർണ്ണമായിട്ട് അവങ്കലേയ്ക്ക് സമർപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന്. സ്നേഹം മിക്കപ്പോഴും ചെറിയ കാര്യങ്ങളിൽ കൂടിയാണ് വെളിപ്പെടുന്നത്, അല്ലാതെ വലിയ കാര്യങ്ങളിൽ കൂടി അല്ല. താങ്കളുടെ സ്നേഹം ഒരു ചെറിയ കുട്ടിയുടെ അനുസരണത്തെ പോലുള്ളതാകട്ടെ, അതിൽ കൂടി യജമാനന്റെ ഇഷ്ടം എല്ലാ തലങ്ങളിലും എപ്രകാരം പ്രവർത്തിക്കുന്നുവെന്നു അഭ്യസിപ്പിക്കുന്നു.

❖

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. “ ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു. അതു ആർക്കും അടെച്ചുകൂടാ. നിനക്കു അൽപമേ ശക്തിയുള്ളൂ എങ്കിലും നീ എന്റെ വചനം കാത്തു. എന്റെ നാമം നിഷേധിച്ചിട്ടില്ല. ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും ” (വെളി. 3-8).

മെയ് മാസം നമ്മെ വിട്ട് കടന്നുപോയി. ജൂൺ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നിങ്ങൾ ദൈവത്തിൽ കൂടുതൽ ആശ്രയിക്കുകയും നിങ്ങളുടെ സകല ആവശ്യങ്ങൾക്കു വേണ്ടിയും കൂടുതൽ സമയം പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ദൈവം നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും നിങ്ങളെ ജയാളികളാക്കുകയും ചെയ്യും. നിങ്ങൾ ദൈവത്തിന് എപ്പോഴും മഹത്വം കൊടുക്കണം. ദൈവം നിങ്ങളുടെ വഴികാട്ടിയും ബലവും സ്നേഹിതനുമാകുന്നു.

ദൈവം നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. അതിനാൽ നാം നമ്മെത്തന്നെ ശോധന ചെയ്ത് മുന്നോട്ട് പോകേണം നിങ്ങൾ ദൈവത്തിന് പ്രസാദമുള്ളവരും വിശ്വസ്തരുമായിരിക്കുമ്പോൾ നിങ്ങളെ കാണുന്ന ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കും. ദൈവം നിങ്ങളെ അനുഗ്രഹിച്ച യഥാസ്ഥാനപ്പെടുത്തി വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No.** 67342839891 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

16

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ക്രിസ്തുവുമായിട്ടുള്ള നമ്മുടെ സജീവ കൂട്ടായ്മ

By J.C. Ryle

വിശുദ്ധീകരണം ക്രിസ്തുവിൽ നിന്നു വരുന്നു. ഇത് ക്രിസ്തുവുമായിട്ടുള്ള നമ്മുടെ സജീവമായ കൂട്ടായ്മയുടെ ഫലമാണ്. ഇത് ശരിയായ മുന്തിരിയിൽ ശാഖവസിക്കുന്നതിനാൽ പുറപ്പെടുന്ന ഫലമാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ അടുക്കലേയ്ക്കു ചെന്നിട്ട് പറയുക, കർത്താവേ, എന്നെ പാപത്തിന്റെ അപരാധത്തിൽ നിന്നു രക്ഷിച്ചാൽ മാത്രം പോരാ, എന്നിൽ പരിശുദ്ധാത്മാവിനെ അയയ്ക്കുക, അത് അവിടുന്നുള്ള വാഗ്ദത്തം ആണല്ലോ, എന്നിട്ട് പാപത്തിന്റെ ശക്തിയിൽ നിന്നു എന്നെ മോചിപ്പിക്കുക. എന്നെ വിശുദ്ധനാക്കുക. അവിടുത്തെ ഹിതം പ്രവർത്തിക്കുവാൻ എന്നെ അഭ്യസിപ്പിക്കുക.

നിങ്ങൾ എല്ലായ്പ്പോഴും വിശുദ്ധരാണോ? അപ്പോൾ ക്രിസ്തുവിൽ വസിക്കുക (യോഹ. 15:4,5). ഇത് പിതാവിനെ പ്രസാദിപ്പിക്കുന്നു അവനിലാണല്ലോ എല്ലാ പൂർണ്ണതയും വസിക്കുന്നത്, എല്ലാ ദൈവമക്കളുടെ ആവശ്യങ്ങൾ നിവർത്തിക്കുവാനുള്ള മുഴുവൻ ശ്രോതസ്സും ഉള്ളത്. അവനാണ് നല്ല വൈദ്യൻ, അവങ്കൽ ആശ്രയിക്കുകയാണെങ്കിൽ നിങ്ങൾക്ക് സൗഖ്യത്തോടെ വസിക്കാം. അവൻ മന്നയാണ്, അത് നാം ദിവസവും ഭക്ഷിക്കേണം. അതു പോലെ പാറയായവനിൽ നിന്നു ദിനംതോറും കുടിക്കുകയും വേണം. അവന്റെ ആകരങ്ങളിലേക്കു നാം നിരന്തരം ചായുകയും ലോകമായവനത്തിൽ നിന്നു പുറത്ത് വരികയും വേണം. നിങ്ങൾ അവനിൽ വേരൂന്നിയാൽ മാത്രം പോരാ, അവനിൽ നിങ്ങൾ തീർച്ചയായിട്ടും പണിയപ്പെടുകയും വേണം.

പൗലൊസ് തീർച്ചയായിട്ടും ഒരു ദൈവപുരുഷനായിരുന്നു, ഒരു വിശുദ്ധൻ,

(ശേഷം 6-ാം പേജിൽ)

ദൈവം വെളിപ്പെടുമ്പോൾ ഉണർവ്വ് സംഭവിക്കുന്നു

By Adrian Rogers (1931-2005)

നമ്മുടെ ഭവനങ്ങളിൽ ഉണർവ്വ് ആവശ്യമായിരിക്കുന്നു. നമ്മുടെ സഭകളിൽ ഉണർവ്വ് ആവശ്യമാണ്. രാജ്യം ഒരു ഉണർവ്വിലേക്ക് വരണം. ലോകത്തിന് യേശുവിനെ ആവശ്യം ആണ്. സേനയുടെ ശക്തികൊണ്ട് ഉണർവ്വ് സംഭവിക്കുന്നില്ല. സാമ്പത്തികം കൊണ്ടു ഉണർവ്വ് സൃഷ്ടിക്കുന്നില്ല. യാതൊരു പൊതുജന തിരഞ്ഞെടുപ്പുകളും ഉണർവ്വ് കൊണ്ടുവരുന്നില്ല. സർവ്വശക്തനായ ദൈവത്തിന്റെ പരമാധികാര പ്രവർത്തിയാണ് ഉണർവ്വ്.

യെശയ്യാവ് 64-ൽ ദൈവജനം പ്രവാസത്തിലേക്കു നയിക്കപ്പെട്ടു, അവന്റെ പ്രവർത്തികൾ വളരെ ജീർണ്ണാവസ്ഥ നിറഞ്ഞതായിരുന്നു. അവന്റെ ജനവും വളരെ ധൈര്യം കെട്ടവരായി തീർന്നു. ഇന്നത്തെ അനേകം വിശ്വാസികളെ പോലെ ആയിരുന്നു അവർ.

സഭ പ്രവാസത്തിലേക്കു നയിക്കപ്പെട്ടത് ലോകമയത്വം നിമിത്തമാണ്, ജഡവും പിശാചും ചേർന്ന്. ക്രിസ്ത്യാനികൾ നിരാശപ്പെട്ടിരിക്കുകയാണ്. അധികം ജീവിതങ്ങൾക്കു ഒരു വലിയ പ്രതീക്ഷ ഒന്നുമില്ല ഉണർവ്വിൽ. അവർ ഉണർവ്വ് സംഭവിക്കുവാൻ സാധ്യതയുണ്ടെന്നു വിശ്വസിക്കുന്നില്ല! ഞാൻ നിങ്ങളോടു പറയുവാൻ ആഗ്രഹിക്കുകയാണ്. ഉണർവ്വ് സംഭവിക്കുവാൻ സാധ്യതയില്ലായിരിക്കാം; ഇത് വളരെ അനിവാര്യമായി തീരുന്നു ദൈവത്തിന്റെ മക്കൾ ദൈവവും ആയിട്ട് ഒരു നല്ല ബന്ധത്തിൽ എത്തിച്ചേരുമ്പോൾ.

എന്തുകൊണ്ടാണ് അവിടെ ഉണർവ്വ് സംഭവിക്കാത്തത്? സഭയുടെ മിതവാദം നിമിത്തം അല്ല. ദൈവജനത്തിന്റെ മദ്ധ്യേയുള്ള ഭിന്നത മുഖാന്തരവും അല്ല. നാം പ്രാപഞ്ചികമായവരും നാം ഈ പറഞ്ഞിരിക്കുന്ന സകല കാര്യാദികളിൽ നിന്നും ഒരു മാറ്റം നേടിയെടുത്താലും, അവയൊന്നും ഉണർവ്വിനെ സൃഷ്ടിക്കുന്നില്ല. ഈ വസ്തുതകൾ കൊണ്ട് ഒന്നുമല്ല ഉണർവ്വ് സംഭവിക്കാത്തത്. ഇവകൾ ഒന്നും ഉണർവ്വിന്റെ അനന്തര ഫലങ്ങൾ ഒന്നും അല്ലെതാനും.

എന്താണ് ഉണർവ്വ്? ഉണർവ്വ് സംഭവിക്കുന്നു ദൈവം താഴെക്കു വരുമ്പോൾ

" അയ്യോ, ജാതികൾ തിരുമുമ്പിൽ വിറെക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളികത്തുന്നതു പോലെയും " (യെശ. 64:1)

ഉണർവ്വ് സർവ്വശക്തനായ ദൈവവുമായിട്ടു സന്ധിക്കുമ്പോഴാണ് സംഭവിക്കുന്നത്. നമ്മിൽ പലരും ദൈവത്തെ അന്വേഷിക്കാറുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മുടെ സഭയിൽ അവൻ ചിലതു പ്രവർത്തിക്കേണ്ടതിനു, നമ്മുടെ ഭവനങ്ങളിൽ, നമ്മുടെ രാജ്യത്തും ദൈവത്തിന്റെ കരങ്ങളെയാണ് നാം അന്വേഷിക്കുന്നത്, അവിടുത്തെ മുഖത്തെ അല്ലതാനും നമ്മുടെ ഹൃദയം ദൈവത്തെ വാഞ്ഛിക്കുന്നതായി തീർക്കണം. നാം തീർച്ചയായിട്ടു പറയണം, ഓ ദൈവമേ, അവിടുന്നു താഴെക്കു വരുമോ?

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

നമ്മുടെ കർത്താവും ദൈവവും ആയവൻ വിശുദ്ധൻ ആകുന്നു

By Lois.J.Stucky (1928 -2014)

സങ്കീർത്തനങ്ങൾ 99-ൽ നമ്മോട് ആഹ്വാനം ചെയ്യുകയാണ് നമ്മുടെ അതിവിശുദ്ധനായ ദൈവത്തെക്കുറിച്ച്. "യഹോവ വാഴുന്നു; ജാതികൾ വിറക്കട്ടെ; അവൻ കെരൂബുകളുടെ മീതെ വസിക്കുന്നു: ഭൂമി കുലുങ്ങട്ടെ. യഹോവ സീയോനിൽ വലിയവനും സകല ജാതികൾക്കു മീതെ ഉന്നതനും ആകുന്നു. അവൻ പരിശുദ്ധൻ എന്നിങ്ങനെ അവൻ നിന്റെ മഹത്തും ഭയങ്കരമായ നാമത്തെ സ്തുതിക്കട്ടെ. നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ വിശുദ്ധപർവ്വതത്തിൽ നമസ്ക്കരിപ്പിൻ; നമ്മുടെ ദൈവമായ യഹോവ പരിശുദ്ധനല്ലോ" (വാ. 1-3,9).

1പത്രൊസ് 1:15,16-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു: " നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരായിരിപ്പിൻ " എന്നു എഴുതിയിരിക്കുന്നുവല്ലോ. വീണ്ടും അപ്പോസ്തലനായ പൗലൊസ് ഉദ്ബോധിപ്പിക്കുകയാണ്, " പ്രീയമുള്ളവരെ, ഈ വാഗ്ദത്തങ്ങൾ നമുക്ക് ഉള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക " (2കൊരി. 7:1).

അപ്പോസ്തലനായ പൗലൊസ് നമ്മെ ഓർമ്മപ്പെടുത്തുകയാണ്. വീണ്ടും ജനനം പ്രാപിക്കപ്പെട്ട വിശുദ്ധന്മാരെല്ലാം ദൈവത്തിന്റെ മന്ദിരം ആണെന്ന്. പരിശുദ്ധാത്മാവ് നമ്മളിൽ അധിവസിക്കുന്നു. "ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നേ " (1കൊരി. 3:17). ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ വിശുദ്ധീകരണം തന്നേ.... "ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനായത്രേ വിളിച്ചത് " (1തെസ്സ. 4:3,7). അപ്പോസ്തലനായ പൗലൊസ് വീണ്ടും നിർദ്ദേശിക്കുകയാണ്, അതായത്, " ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജല സ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായ ഒന്നും അല്ലാതെ സഭയെ ശുദ്ധയും നിഷ്കലങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറത്തേണ്ടതിനും തന്നേത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു" (എഫെ. 5:25-27).

ഓ വായനക്കാരായ സുഹൃത്തുക്കളെ, തേജസ്സിന്റെ പ്രകാസമുള്ള വിശുദ്ധനായ ദൈവത്തിന്റെ (കുറഞ്ഞ പക്ഷം എത്ര മാത്രം നമുക്ക് ഗ്രഹിക്കുവാൻ സാദിക്കും അത്രയും ഇപ്പോൾ ഗ്രഹിക്കുക). അതുപോലെ അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തത്തിൽ കൂടിയുള്ള നമ്മോടുള്ള കരുതലുകളെ നാം പരിഗണിക്കുമ്പോൾ അവിടുത്തെ വചനത്തിൽ കൂടിയും പരിശുദ്ധാത്മാവിന്റെ നമ്മിൽ ഉള്ള പ്രവർത്തികളിൽ കൂടിയും നാം പാപത്തിൽ നിന്നുള്ള ശുദ്ധീകരണം പ്രാപിക്കപ്പെട്ടവരും വിശുദ്ധന്മാരായി തീർക്കപ്പെട്ടവരുമാണ്. എന്നാൽ ഇതൊന്നും നമ്മുടെ ഹൃദയത്തെ അവനെ സ്തുതിക്കുവാനും, അവിടുത്തെ മഹാ കരുണയെ ഓർത്തു നന്ദികരേറ്റുവാനും, ദയയും സ്നേഹവും അതുപോലെ ആ മഹാത്യാഗങ്ങളോ നമുക്ക് വേണ്ടിയുള്ള കഷ്ടതകളും അതു പോലെ നാം പശ്ചാത്തപിച്ച് മനം തിരിയുമ്പോൾ നമ്മോടു ക്ഷമിക്കുകയും ചെയ്യുന്ന കർത്താവിനെ നാം ഇതെല്ലാം ഓർത്തു മഹത്വപ്പെടുത്തേണ്ടത് അല്ലേ? നാം ചിന്തിക്കുന്നതു ഇത് ഒരു പക്ഷേ നമ്മുടെ ജീവിതം ഒന്ന് നല്ലവണ്ണം കഴിക്കേണ്ടതിനുവേണ്ടിയാണ്. നമ്മുടെ ഹൃദയത്തെ അവന്റെ മുമ്പാകെ ഒന്നു പകരേണ്ടതാണ്. അങ്ങനെ വളരെ ദർശനത്തോടെയും ശ്രദ്ധയോടുകൂടിയും ഒരു വിശുദ്ധ ജീവിതം ദേഹം, ദേഹി, ആത്മാവിൽ ജീവിക്കുവാൻ നാം ഒരു പ്രത്യേക അനുഭവത്തിൽ എത്തിചേരണം.

ഓരോ ദിവസവും നമുക്ക് ദൈവവചനത്തിൽ കൂടിയുള്ള പഠനം ആവശ്യമായിരിക്കുന്നു. അതിൽ കൂടി ദൈവത്തിന്റെ വിശുദ്ധിയുടെ നിലവാരവും എന്താണെന്നുള്ളതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നമുക്ക് ഗ്രഹിക്കുവാൻ സാധിക്കും. യേശുവിനോട് ചേർന്ന് പ്രാർത്ഥിക്കുകയും ആ സ്നേഹത്തിൽ സമർപ്പിക്കുകയും ചെയ്യാം. " എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ എന്നു പറഞ്ഞു " (മർ. 14:36). ഇതിൽ നിന്നുകൊണ്ട് വീണ്ടും അപ്പോസ്തലനായ പൗലൊസ് എന്താണ് വിവരിക്കുന്നതെന്ന് നോക്കാം. " നാം ഇനി പാപത്തിനു അടിമപ്പെടാത വണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയമനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു " (റോമ. 6:6). നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ (റോമ. 12:1-2). അതുപോലെ നാം നമ്മുടെ ജീവിതത്തെ സകലവിധമായ ദൈവം അല്ലാത്തവയിൽ നിന്നു അകന്ന് ശുദ്ധീകരിച്ച് ഒരു നല്ല പാത്രമായി തീരേണം. " ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥനും ഉപയോഗവുമായി നല്ല വേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും " (2തിമൊ.2:21).

താങ്കൾ ആഗ്രഹിക്കുന്നുണ്ടോ ഇങ്ങനെ മുന്നോട്ടു തുടർന്നു യാത്ര ചെയ്യുവാൻ വിശുദ്ധവും കളങ്കം ഇല്ലാത്തവരുമായി. സ്വർഗ്ഗത്തിലെ മണവാളന്റെ വരവോളം? സ്വാഭാവികമായിട്ട് അസാദ്ധ്യമായതെല്ലാം ദൈവപ്രവർത്തിക്കു മുമ്പാകെ സാദ്ധ്യമായി മാറുന്നു. പക്ഷേ ഇവിടെ ആവശ്യമായിരിക്കുന്നത് നമ്മുടെ ജാഗ്രതയോടുള്ള ദർശനവും അതുപോലെ പരിശുദ്ധാത്മാവിൽ നിറയപ്പെട്ടതും അവാസനത്തോളം സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കുവാൻ ദൈവം ശക്തീകരിക്കപ്പെട്ടവരും ആയിരിക്കണം. അങ്ങനെ ഇതിനായിട്ടു അവന്റെ ഉദ്ദിഷ്ടകാര്യം നാം ഗ്രഹിച്ചുകൊണ്ട് അതായത് നമ്മുടെ ജീവിത വഴികളിൽ കടന്നു വന്നേക്കാവുന്ന സകലവിധമായ അശുദ്ധവും ദൈവത്തിന് ഇഷ്ടമല്ലാത്തതുമായ കാര്യാദികളെ നമ്മുടെ വഴിയിൽ നിന്നു അകറ്റി നിർത്തണം. " അപ്പൻ മകനെ ശിക്ഷിക്കുന്നത് പോലെ നമ്മോടും ചെയ്യും. നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനു നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നതും " (എബ്രാ. 12:7-11).

❖

(3-ാംപേജിന്റെ തുടർച്ച)

ദൈവം വെളിപ്പെടുമ്പോൾ ഉണർവ്വ് സംഭവിക്കുന്നു

ദൈവം താഴേക്കു വരുവാൻ ഇഷ്ടപ്പെടുന്നു. ദൈവം താഴെക്കു വരുന്നു അഗ്നിസ്തംഭം ആയിട്ടും മേഘസ്തംഭം ആയിട്ടും തന്റെ ജനത്തെ നയിക്കുവാൻ. ദൈവം താഴെക്കു വന്നിട്ട് അതിവിശുദ്ധമായ സമാഗമന കൂടാരത്തെ അവിടുത്തെ മഹത്വത്തിൽ നിറയിക്കുന്നു. യേശു സ്വർഗ്ഗത്തിൽ നിന്നു താഴേക്കു വന്നിട്ടു നമ്മെ രക്ഷിച്ചു പരിശുദ്ധാത്മാവ് പെന്തെക്കോസ്തു ദിനത്തിൽ താഴേക്കു വന്നും ആദിമ സഭയെ ശക്തിയാൽ സ്നാനം കഴിപ്പിച്ചും. യേശു വീണ്ടും രണ്ടാമതായി അവിടുന്നു ഭൂമിയിലേക്കു വരുന്നു. സഭയുടെ ആധുനിക ചരിത്ര രേഖകൾ നാം പഠിക്കുന്നുവെങ്കിൽ നിങ്ങൾക്ക് സമയാ സമയങ്ങളിൽ അതു കാണുവാൻ സാധിക്കും.

ഞാൻ ആഗ്രഹിച്ചുപോകുകയാണ് ദൈവം സഭയുടെ മേൽ വരേണം എന്ന്. തെറ്റിദ്ധരിക്കരുത് നമുക്ക് ഉണർവ്വ് സംഭവിക്കാതെ അമേരിക്കയ്ക്കു ഉണർവ്വ് ഉണ്ടാകുമെന്ന്. എന്റെ സുഹൃത്തേ, നിനക്ക് ഉണർവ്വ് സംഭവിച്ചിട്ടുണ്ടോ? നിങ്ങളുടെ വ്യക്തി ജീവതത്തിൽ ഉണർവ്വ് ഉണ്ടാകാം. നിങ്ങളുടെ സണ്ടേ സ്കൂൾ ക്ലാസ്സുകളിൽ ഉണർവ്വ് സംഭവിച്ചിരിക്കാം. നിങ്ങളുടെ കുടുംബത്തിൽ ഉണർവ്വ് സംഭവിച്ചിരിക്കാം. എപ്പോഴൊക്കെയും എവിടെ ഒക്കെയും നിങ്ങളിൽ ഒരു വ്യക്തിപരമായ ഉണർവ്വ് സംഭവിച്ചിട്ടുണ്ടോ?

ദൈവത്തിന്റെ സാന്നിദ്ധ്യം തന്നേ ഉണർവ്വ് സൃഷ്ടിക്കുന്നു.

ദൈവം താഴേക്കു കടന്നു

((ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ദൈവം വെളിപ്പെടുമ്പോൾ ഉണർവ്വ് സംഭവിക്കുന്നു

വരുമ്പോൾ, സംഭവങ്ങൾ ഉണ്ടാകുന്നു.

മലകൾ ഉരുകുന്നു. “ തീ കൊണ്ടു വെള്ളം തിളയ്ക്കുന്നതു പോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപോകത്തക്കവണ്ണം ” (വാക്യം 1,2). അഹന്തയുടെ മകൽ, മർക്കട മുഷ്ടിക്കാരനും താല്പര്യകുറവുള്ളവരും -ദൈവപ്രവൃത്തികൾക്ക് തടസ്സം സൃഷ്ടിക്കുന്നവയും ഇതെല്ലാം ഉരുകിപോകും. സർവ്വശക്തനായ ദൈവത്തിന്റെ പ്രവൃത്തിയായ ഉണർവ്വിനെ യാതൊന്നും കൊണ്ടും നിർത്തി വയ്ക്കുവാൻ സാധ്യമല്ല! ദൈവത്തെ വേദനിപ്പിക്കരുത് വെറുതെ പറഞ്ഞ് അവിടെ അനേകം മലകൾ ഉണ്ടെന്നും, ധാരാളം പ്രതിസന്ധികൾ ഉണ്ടെന്നും ഒക്കെയും ദൈവം താഴെക്കു വരുമ്പോൾ, എല്ലാ മലകളും ഉരുകിപ്പോകും.

പാപികൾക്ക് കുലുക്കം സംഭവിക്കുന്നു. “ മലകൾ നിന്റെ മുമ്പിൽ ഉരുകിപോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു! ഞങ്ങൾ വിചാരിച്ചിട്ടില്ലാത്ത ഭയങ്കര കാര്യങ്ങളെ നീ പ്രവർത്തിച്ചപ്പോൾ നീ ഇറങ്ങി വരുകയും മലകൾ തിരുമുമ്പിൽ ഉരുകിപോകുകയും ചെയ്തുവല്ലോ ” (വാക്യം 2,3). നഷ്ടപ്പെട്ടവനു ഇത് കാണുമ്പോൾ ഒന്നും വിശദീകരിക്കുവാൻ അവർക്കു കഴിയുകയില്ല, പരിശുദ്ധാത്മാവിന്റെ ശിക്ഷാവിധിയിൽ വീഴുമ്പോൾ പാപികൾക്ക് കുലുക്കം സംഭവിക്കുന്നു. നമുക്ക് അമേരിക്കയിൽ ഉണർവ്വ് ഉണ്ടാകുന്നുവെങ്കിൽ, കഴിഞ്ഞ രാത്രിയിൽ തന്നെ ഹാസ്യനടന്മാർ തമാശകൽ ഉണ്ടാക്കി സർവ്വശക്തനായ ദൈവത്തിന്റെ വിശുദ്ധവസ്തുക്കളെ കളിയാക്കുമായിരുന്നു. ഭോഗാസക്തരായവർ ദൈവസാന്നിധ്യത്തിൽ കുലുങ്ങിപോകും. രക്ഷിക്കപ്പെടാത്തവർ കരുണയ്ക്കായിട്ടു കരയും.

നീതിമാൻമാർ സന്തോഷിക്കും. നീയല്ലാതെ ഒരു ദൈവം തന്നേ കാത്തിരിക്കുന്നവനു വേണ്ടി പ്രവർത്തിക്കുന്നതു പണ്ടുമുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടുമില്ല, കണ്ണുകൊണ്ട് കണ്ടിട്ടുമില്ല. സന്തോഷിച്ചു നീതി പ്രവർത്തിക്കുന്നവരെ നീ എതിരേൽക്കുന്നു. അവർ നിന്റെ വഴികളിൽ നിന്നെ ഓർക്കുന്നു. നീ കോപിച്ചപ്പോൾ ഞങ്ങൾ പാപത്തിൽ അകപ്പെട്ടു. ഇതിൽ ഞങ്ങൾ ബഹുകാലം കഴിച്ചു; ഞങ്ങൾക്കു രക്ഷ ഉണ്ടാകുമോ? ദൈവം നിന്നെ കാണുവാൻ ആഗ്രഹിക്കുന്നു. ദൈവം താഴേക്കു വരുവാൻ ആഗ്രഹിക്കുന്നു. അങ്ങനെ അവൻ ചെയ്യുമ്പോൾ സഭ ഒരു ഉറക്കം തൂങ്ങി സഭ അല്ലാതാകും. ദൈവജനത്തിനു വലിയ സന്തോഷം പറയുവാൻ കഴിയാത്ത വിധത്തിൽ ഉണ്ടാകുകയും മഹത്വത്തിന്റെ പൂർണ്ണത പ്രാപിക്കുകയും ചെയ്യും. വിശുദ്ധന്മാർ സന്തോഷിക്കും. ഞാൻ അതു കാണുവാൻ ആഗ്രഹിക്കുന്നു. ഞാൻ ആഗ്രഹിച്ചുപോകുകയാണ് ദൈവം തന്റെ ജനത്തെ കാണുവാനും അങ്ങനെ അവർ അറിയുകയും ചെയ്യും. ഈ ഭയങ്കരമായ സന്തോഷത്തെ.

അതുകൊണ്ട് ഇത് ചൊരിയുന്നതിന് മുമ്പിൽ എന്താണ് നില്ക്കുന്നത്?

പ്രശ്നങ്ങൾ ഉണർവ്വിന് തടസ്സം. നാം നമ്മുടെ പാപങ്ങളാൽ കളങ്കിതർ. ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിതീർന്നു. “ഞങ്ങളുടെ നീതി പ്രവർത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചുകളയുന്നു” (വാക്യം 6). നാം സ്വയം നീതീകരണത്താൽ വസ്ത്രം ധരിക്കപ്പെട്ടവരാണ്, സഭയിലേക്കു വരുന്നു, എന്നാൽ അഹങ്കാരത്തോടും ധിക്കാരത്തോടും കൂടിയാണ് ചുറ്റുപാടും നോക്കുന്നത്. നാം നമ്മെത്തന്നേ മൂടി മറയ്ക്കുവാൻ വേണ്ടി പരിശ്രമിക്കുന്ന എല്ലാ കാര്യാദികളാലും നാം നമ്മെത്തന്നെ അശുദ്ധവും നിന്ദിതരും ആക്കി തീർക്കുകയാണ്. അവന്റെ ദൃഷ്ടിയിൽ നമ്മുടെ നീതി പ്രവർത്തികൾ കറപുരണ്ട തുണി പോലെയാണ്.

ഞങ്ങൾ എല്ലാവരും ഇല പോലെ വാടിപോകുന്നു(വാ.6). ഇലകൾ മഞ്ഞയും തവിട്ടു നിറവും ഉള്ളതായി തീരുമ്പോൾ, അത് മങ്ങി വാടിപോകുന്നു. മരത്തിൽ അത് നല്ലതായിട്ടാണ് കാണുന്നത്. എന്നാൽ കാറ്റ് അതിന്മേൽ അടിക്കുമ്പോൾ അതെല്ലാം നിലത്ത് വീഴും! അങ്ങനെ പലപ്പോഴും ഞാൻ കാണുന്നുണ്ട് . ജനങ്ങൾ അവരൊക്കെയും സ്വയം നീതീകരണം കൊണ്ട് വസ്ത്രം ധരിക്കപ്പെട്ടവർ ആണ്. എന്നാൽ കാറ്റ് അടിക്കുമ്പോൾ, അവർ ക്ക് ചില കുടുംബ പ്രശ്നങ്ങൾ ഉണ്ടായിരിക്കാം, ചില സാമ്പത്തിക കാര്യങ്ങൾ ഉണ്ടായിരിക്കാം, ചിലബുദ്ധമുട്ടുകൾ ഉണ്ടായിരിക്കാം എന്നാൽ കാറ്റടിക്കുമ്പോൾ അതെല്ലാം ദൂരെ പോയി പതിക്കും.

നമ്മുടെ പാപങ്ങളിൽ നാം സ്വയം സംതൃപ്തരാണ്. “നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ മുറുകെ പിടിപ്പാൻ ഉത്സാഹിക്കുന്നവരും ആരുമില്ല ” (വാ. 7). ദൈവത്തെ മുറുകെ പിടിപ്പാൻ നിങ്ങൾ ഉത്സാഹിക്കുന്നവരാണോ? അല്ലെങ്കിൽ നിങ്ങൾ ഞായറാഴ്ച രാവിലെ വെറുതെ സഭയിലെ ഇരിപ്പിടത്തിൽ പോയി ഇരിക്കുകയാണോ ചെയ്യുന്നത്, അവിടെ വരെ നീ പോയതുകൊണ്ട് ദൈവത്തിനു പ്രസാദം വരുന്ന എന്തോ ഭയങ്കര കാര്യമാണ്. നിങ്ങൾ ചെയ്തതെന്ന് വിശ്വസിച്ചിരിക്കുകയാണോ? അവിടെ ഏതെങ്കിലും തരത്തിലുള്ള ഒരു വാഞ്ഛ നിനക്ക് ഉണ്ടായിരുന്നോ, ഒരു ആളിക്കത്തൽ, ഒരു തീവ്ര ആഗ്രഹം ഉണർവ്വിനുവേണ്ടിയുള്ളത് നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരുന്നോ? നിങ്ങൾക്ക് ഒരു ഗൗരവം ഉണ്ടായിരുന്നുവെങ്കിൽ ദൈവം നിങ്ങളിൽ ഉണർവ്വ് അയയ്ക്കും.

വിശുദ്ധന്മാർക്ക് ഈ കാലഘട്ടത്തിന്റെ മയക്കുമരുന്ന് കൊടുത്തു മയക്കി ഇരിക്കുകയാണ്, ആർ.എ.റ്റോറി പറഞ്ഞത്, എനിക്ക് ഒരു സിദ്ധാന്തം ഉണ്ട്..... അത് പള്ളിക്കോ,ചാപ്പലിനോ, അല്ലെങ്കിൽ ഭൂമിയിൽ എവിടെയാണ് ഉണർവ്വ് ഇല്ലാത്തത് അവിടുത്തേയ്ക്കുള്ള മിഷനോ ഒരു ചെറിയ വിശ്വസ്തരായ ജനത്തെ ഉല്പാദിപ്പിക്കുവാനുള്ള ഒരു ബീജകേന്ദ്രത്തെകൊണ്ടുവന്ന് അവർ ദൈവം താഴേക്കു വരുവോളം അവനെ മുറുകെ പിടിക്കുവാൻ ഉത്സാഹമുള്ളവരാക്കി തീർക്കുവാനും അല്ല. ആദ്യം കുറച്ച് ക്രിസ്ത്യാനികൾ അധികം പേർ വേണ്ടാ അവർ ദൈവവും ആയിട്ടു ഒരു നല്ല ബന്ധത്തിൽ എത്തിച്ചേരട്ടെ. ഇതാകുന്നു വളരെ പ്രധാനപ്പെട്ട ഘടകം. ഇത് ചെയ്തില്ല എങ്കിൽ, ബാക്കിയെല്ലാം ഞാൻ പറയുന്നതിൽ കൂടി ക്ഷമ ചോദിക്കട്ടെ, ചെയ്യുവാൻ കഴിയുകയില്ല, അത് ഒന്നും ചെയ്യുകയും ഇല്ല. രണ്ടാമതായിട്ട് അവർക്ക് ഒരുമിച്ച് ഐക്യത. സ്വർഗ്ഗം തുറന്ന് ദൈവം താഴേക്കു വന്ന് ഉണർവ്വിനെ നല്കുവോളം പ്രാർത്ഥിക്കുവാൻ തയാറാകട്ടെ. മൂന്നാമതായിട്ട് അവർ അവരെ തന്നേ ദൈവത്തിന് ഉഫയോഗപ്രദരായി തീരേണ്ടതിന് അവരിൽ കൂടി മറ്റുള്ളവർ ക്രിസ്തുവിന്റെ അടുക്കലേയ്ക്കു വരുവാൻ വേണ്ടിയും യോഗ്യരായിതീരട്ടെ. അത്രയും ഉള്ളൂ തീർച്ചയായിട്ടു ഇത് ഏത് സഭയിലും അല്ലെങ്കിൽ സമൂഹത്തിലും ഉണർവ്വിനെ കൊണ്ടുവരും. ഞാൻ ഈ നിർദ്ദേശത്തെ ലോകത്തിനു മുഴുവൻ നല്കിയിട്ടുണ്ട്. ഇങ്ങനെയുള്ളത് അനേകം സഭകളിൽ നിന്നു അനേകം സമൂഹങ്ങളിൽ നിന്നു എടുത്തിട്ടുണ്ട്. അതുപോലെ ഒരു ഉദാഹരണവും ഒരിക്കലും പരാജയപെട്ടിട്ടില്ല, തന്നെയുമല്ല അത് പരാജയം ആകുകയും ഇല്ല.

ദൈവവും ആയിട്ട് നല്ല ബന്ധത്തിൽ ആയി തീരുക. ഒരുമിച്ച് കൂടി ഇരുന്ന് പ്രാർത്ഥിപ്പിൻ. നിങ്ങളെത്തന്നേ ദൈവമുമ്പാകെ വിക്രയം നടത്തുക. ഇതാണ് യെശ. 64-ൽ കാണുന്നത്.

നിങ്ങൾ പറയും കൊള്ളാം, അത് വളരെ ലളിതമാണ്. അത് ശരിയാണ്. ഇത്

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ദൈവം വെളിപ്പെടുമ്പോൾ ഉണർവ്വ് സംഭവിക്കുന്നു

ലളിതം ആണ്. പ്രശ്നം സഭ ഇവിടെ സ്വയം സംതൃപ്തയാണെന്നുള്ളതാണ്. അവിടെ ആരും ദൈവത്തെ മുറുകെ പിടിക്കുവാൻ ഉത്സാഹമുള്ളവരല്ല. ഓ സുഹൃത്തേ, ഡോ. റ്റോറി പറഞ്ഞതുപോലെ ചെയ്യാം. ദൈവം ആയിട്ട് നല്ലബന്ധം സ്ഥാപിക്കാം. നമുക്ക് ഒരു ദിവസം ഇതിന് ഇല്ലെങ്കിൽ നാം ചിന്തിക്കും ഇങ്ങനെ ഒന്നു ഉണ്ടായിരുന്നുവെങ്കിൽ എന്ന്. “ ഞങ്ങളുടെ അകൃത്യങ്ങൾക്കു ഞങ്ങളെ ഏല്പിച്ചിരിക്കുന്നു. നിന്റെ മുഖം ഞങ്ങൾ കാണാതവണ്ണം നീ മറെച്ചുവെച്ചു ഞങ്ങളുടെ അകൃത്യങ്ങൾക്കു ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്നു (വാ. 7). നമ്മുടെ പാപം നമ്മെ ജീവനോടെ ഭക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം അവിടുത്തെ മുഖം നാം കാണാതെവണ്ണം മറെച്ചിരിക്കുകയാണ്. നമുക്ക് യാതൊരു വിധ സംരക്ഷണവും ഇല്ല. നമുക്ക് പാടാൻ കഴിയും. ദൈവം അമേരിക്കയെ അനുഗ്രഹിക്കട്ടെ എന്ന്, എന്നാൽ അത് കേവലം ശബ്ദതരംഗമെ സൃഷ്ടിക്കുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ ദൈവം അവിടുന്നുള്ള സംരക്ഷണം നല്കേണ്ട വേലിക്കെട്ടിനെ എടുത്തു മാറ്റിയിരിക്കുകയാണ്.

നമുക്ക് ഉണർവ്വ് എങ്ങനെ സൃഷ്ടിക്കുവാൻ കഴിയും.

ദൈവത്തിന്റെ മുഖത്തെ എങ്ങനെയാണ് നാം അന്വേഷിക്കുന്നത്? പ്രാർത്ഥന ഉണർവ്വിലേയ്ക്കു നടത്തുന്നു.

പ്രാർത്ഥിക്കുകയും ദൈവത്തിന്റെ പരമാധികാരത്തെ ഓർക്കുകയും ചെയ്യുക. “ എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മെനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ ” (വാ.8). നാം തീർച്ചയായിട്ടു വിശ്വസിക്കണം ദൈവം ദൈവം ആകുന്നുവെന്ന്. അവിടുത്തെ പരമാധികാരത്തെ അംഗീകരിക്കണം. ദൈവം ഒരു സ്ഥലം നിങ്ങളുടെ ജീവിതത്തിന്റെ പ്രമാണം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല. അവിടുന്ന് ആവശ്യപ്പെടുന്നതും. അർഹിക്കുന്നതും അവിടുന്ന് സർവ്വോത്കൃഷ്ടമായവൻ ആയിരിക്കണം എന്നതാണ്. കർത്താവേ, അവിടുന്നാണ് പരമാധികാരി. ഞൻ കളിമണ്ണും എന്നെ അവിടുത്തെ ഹിതത്തിൽ പണിതെടുക്കുക. അവിടുന്നാണ് രാജാവ്!

പ്രാർത്ഥിക്കുകയും ദൈവത്തിന്റെ കാരുണ്യം ഓർക്കുകയും ചെയ്യുക. യഹോവേ ഉഗ്രമായി കോപിക്കരുതേ; അകൃത്യം എന്നേക്കും ഓർക്കരുതേ; അയ്യോ കടാക്ഷിക്കേണമേ; ഞങ്ങൾ എല്ലാവരും നിന്റെ ജനമല്ലോ (വാ. 9). പ്രാർത്ഥിക്കുക, ഓ ദൈവമേ, കാരുണ്യം ഉണ്ടാകേണമേ, അവിടുത്തെ കോപം എന്നേക്കും വയ്ക്കരുതേ. കർത്താവേ, ഞങ്ങൾക്ക് അങ്ങനെയ ആവശ്യമായിരിക്കുന്നു.

ദൈവം കാരുണ്യത്തെ വിശാലപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. അവിടുന്ന് പാപത്തെ ശിക്ഷിക്കുവാനല്ല കൂടുതൽ താല്പര്യപ്പെടുന്നത് പാപം ക്ഷമിക്കുവനാണ്. എന്നാൽ കർത്താവ് നമ്മുടെ പാപത്തെ ക്ഷമിച്ചു ദൂരെ മാറ്റുകയില്ല നാം നമ്മുടെ പാപ പ്രവർത്തികൾ എന്നേക്കുമായിട്ടു ഉപേക്ഷിക്കുന്നില്ലെങ്കിൽ പ്രശ്നം എന്താണെന്ന് ചോദിച്ചാൽ നാം പലപ്പോഴും പശ്ചാത്തപിക്കുവാൻ തയ്യാറല്ല. നമുക്ക് ദൈവത്തിന്റെ കരുണ ആവശ്യമായിരിക്കുന്നു. എന്നാൽ പശ്ചാത്താപമില്ലാത്ത പ്രാർത്ഥന കേവലം മതപരമായ പ്രഹസനമാത്രമായിട്ട് തീരുകയാണ് ചെയ്യുന്നത്. ഒരു പുകമാത്രം.

പ്രാർത്ഥിക്കുകയും ദൈവത്തെ ബഹുമാനിക്കുകയും ചെയ്യുക. നിന്റെ വിശുദ്ധ നഗരങ്ങൾ ഒരു മരുഭൂമിയായിരിക്കുന്നു; “ സീയോൻ മരുഭൂമിയും യെരുശലേം നിർജ്ജനപ്രദേശവും ആയിത്തീർന്നിരിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ നിന്നെ സ്തുതിച്ചുപോന്നിരുന്നതായി വിശുദ്ധിയും ഭംഗിയും ഉള്ള ഞങ്ങളുടെ ആലയം തീക്കു ഇരയായി തീർന്നു. ഞങ്ങൾക്കു മനോഹരമായിരിക്കുന്നതൊക്കെയും ശൂന്യമായി കിടക്കുന്നു. യഹോവേ നീ ഇതു കണ്ട് അടങ്ങിയിരിക്കുമോ? നീ മിണ്ടാതെയിരുന്നു ഞങ്ങളെ അതികഠിനമായി ക്ലേശിപ്പിക്കുമോ? (വാ-12).

യെശയ്യാവ് പറയുകയാണ്, ഓ ദൈവമേ, ഞങ്ങൾ അവിടുത്തെ മഹത്വത്തെ ഓർക്കുകയാണ്. അവിടുത്തെ പരിശുദ്ധമായ മന്ദിരത്തിൽ നിന്നു ഞങ്ങളോട് സംസാരിച്ചത് ഓർക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഞങ്ങളോട് അത് പറഞ്ഞിട്ടുണ്ട്. എത്രയോ മഹത്വകരമായ സമയം ആയിരുന്നു അത്. ഓ, ദൈവമേ, ഞങ്ങൾ അവിടുത്തെ മഹത്വത്തെ വീണ്ടും ആഗ്രഹിക്കുന്നു. ഓ ദൈവമേ, അങ്ങയുടെ മുഖത്തെ കാണിക്കുക. അവിടുത്തെ മഹത്വം ഞങ്ങളെ കാണിക്കുക.

ഇതാകുന്നു ഉണർവ്വ് ; ദൈവം താഴേക്കു വരുമ്പോൾ

താങ്കൾക്ക് ഇത് അത്രമാത്രം ഉൾക്കൊള്ളുവാൻ സാധിക്കുന്നില്ലായിരിക്കാം. സ്വയം നീതീകരണത്താൽ നിങ്ങൾ വസ്ത്രധാരണം നടത്തിയവരായിരിക്കണം. താങ്കൾ ആയിരിക്കുന്ന സ്ഥലത്ത് സംതൃപ്തിയോട് ആയിരിക്കാം ഇപ്പോൾ. നിങ്ങൾ മരിച്ചുകൊണ്ടിരിക്കുന്ന ഇലയും അതിനെ കുറിച്ച് അറിയാത്തവരും ആയിരിക്കാം.

എന്നാൽ താങ്കൾ ദൈവത്തെ അന്വേഷിക്കുന്നവൻ ആണെങ്കിൽ, അവിടുന്ന് കാത്തിരിക്കുകയാണ്, സ്വർഗ്ഗീയ കോട്ട തകർക്കുവാൻ. ഉണർവ്വ് ദൈവം അയക്കുവാൻ പ്രേരിപ്പിക്കരുത്, അവിടുന്ന് അപ്രകാരം പ്രവർത്തിക്കുവാൻ നാം അനുവദിക്കുകയാണ് വേണ്ടത്.

(3-ാംപേജിന്റെ തുടർച്ച) ❖

ക്രിസ്തുവുമായിട്ടുള്ള നമ്മുടെ സജീവ കൂട്ടായ്മ

വളർന്നുകൊണ്ടിരിക്കുന്ന ഊർജ്ജസ്വലതയുള്ള ഒരു ദൈവമകൻ ആയിരുന്നു, എന്നാൽ എന്തായിരുന്നു ഇതിന്റെ എല്ലാം രഹസ്യം? അവൻ ആയിരുന്നവനിൽ ക്രിസ്തു ആയിരുന്നു സകലതും. അവൻ എപ്പോഴും ക്രിസ്തുവിനെ നോക്കിയിരുന്നു. “ എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു ” (ഫിലി. 4:13). ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു ” (ഗലാ 2:20). ❖

ദൈവമേ എന്നെ ശോധന ചെയ്യുക

By Leonard Ravenhill

പരിശുദ്ധാത്മാവിന്റെ സുസ്ഥിരമായതും നിലനിൽക്കുന്നതുമായ ശക്തിയെ നാം സൂക്ഷ്മ പരിശോധന ചെയ്തു പോകുകയാണെങ്കിൽ നാം വഞ്ചിതരാകുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്യുകയില്ല. “ കുരുടനായ വ്യക്തിയോട് യേശു പറഞ്ഞത്, ഞാൻ നിനക്ക് എന്ത് ചെയ്തു തരേണമെന്നു നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചതിനു റബ്ബൂനീ, എനിക്കു കാഴ്ച പ്രാപിക്കേണമെന്നു കുരുടൻ അവനോട് പറഞ്ഞു ” (മർ.10:51).

നാം അവനോട് പ്രാർത്ഥിക്കണം, കാഴ്ച ലഭിക്കുന്നതിനുവേണ്ടി മുകളിലോട്ടും, അകത്തേക്കും, പുറത്തേയ്ക്കും, അപ്പോൾ യെശയ്യാവിനെപ്പോലെ നമുക്കു മുകളിലേയ്ക്കു നോക്കാം, നമുക്ക് ദർശിക്കുവാൻ സാധിക്കും. കർത്താവിന്റെ പൂർണ്ണ വിശുദ്ധിയോട്: അകത്തേക്ക് നാം നോക്കുമ്പോൾ നമുക്ക് തന്നെ ബോധ്യപ്പെടും. ശുദ്ധീകരണത്തിന്റെയും ശക്തിയുടെയും ആവശ്യകത; നാം പുറത്തേക്ക് നോക്കുമ്പോൾ നാം ദർശിക്കുന്ന ഒരു ലോകം മുഴുവനും നശിക്കുന്നതായിട്ടും ഒരു രക്ഷകന്റെ ആവശ്യകതയെകുറിച്ചു.

“ ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ ” (സങ്കീ. 139:23,24).

അപ്പോൾ മാത്രമാണ് പ്രസംഗപീഠത്തിൽ തൈലാഭിഷേകം പ്രവർത്തിക്കുന്നത്. ജനങ്ങളിൽ ദൈവപ്രവൃത്തി വെളിപ്പെടുന്നത്. ❖

ഞാൻ ദൈവത്തിനു വേണ്ടി ജീവിക്കുവാൻ ആഗ്രഹിക്കുന്നു

By David Brainerd

ഇൻഡ്യക്കാരുടെ മദ്ധ്യേ ഉള്ള അവന്റെ രണ്ടാമത്തെ നിയമനത്തിനുശേഷം അല്പ മല്ലാത്ത ചില ഫലങ്ങൾ അവിടെ കാണുവാൻ തുടങ്ങി, ഡേവിഡ് ബ്രയിനാർഡ് തന്റെ മൂന്നാമത്തെ ഏരിയായിലേയ്ക്കു പോയികഴിഞ്ഞു. ഇവിടെ കുടംബങ്ങളെല്ലാം ചിതറി പാർക്കുകയായിരുന്നു. എന്നാൽ അവൻ ഏകദേശം ഏഴ് എട്ട് സത്രീകളെയും കുട്ടികളെയും കൂട്ടിവരുത്തിയിട്ട് അവരോടു സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി. അങ്ങനെ അവന്റെ വചന പ്രഘോഷണം കേട്ടതിനു ശേഷം സ്ത്രീകൾ അവിടേയും ഇവിടെയും ഒക്കെയും സഞ്ചരിച്ചിട്ട് വേറെ ചിലരേയും കൂട്ടി അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ അവിടേക്കു കൊണ്ടു വന്നു. ഏകദേശം മുപ്പത് ആൾക്കാർ കൂടിവരുകയും അവരുടെ ആത്മാവിനുവേണ്ടി വളരെ ഭാരമുള്ളവരാകുകയും ചെയ്തു. ബ്രയിനാർഡിന്റെ ശുശ്രൂഷയിൽ കൂടി ആദ്യം മാനസാന്തരപ്പെട്ട് വിശ്വാസത്തിലേക്ക് വന്നത് തന്റെ പരിഭാഷകനും കുടുംബവും ആയിരുന്നു. അവർ സമൂഹമദ്ധ്യേ അവരുടെ വിശ്വാസം വിളിച്ചു പറയുകയും ചെയ്തു. പരിഭാഷ പ്രവർത്തനത്തിലൂടെ അവർക്ക് ഒരു പുതിയ ജീവിതവും നല്ല തീഷ്ണതയും ലഭിച്ചു. ബ്രയിനർഡ് തന്റെ വചനപ്രഘോണം കഴിയുമ്പോൾ പരിഭാഷകൻ താൻ അദ്ദേഹം പഠിപ്പിച്ചതെല്ലാം വീണ്ടും ആവർത്തിച്ച് കേൾവിക്കാരെ വിശ്വാസത്തിലേക്കു വരുന്നതിനായിട്ടു ആഹ്വാനം ചെയ്യുമായിരുന്നു .

ധാരാളം ഇൻഡ്യൻസ് അവരുടെ ആത്മാവിനെക്കുറിച്ച് വളരെ വ്യാകുലതരാകുകയും എങ്ങനെയാണ് രക്ഷിക്കപ്പെടേണം എന്നുള്ളതിനെക്കുറിച്ച് കൂടുതലായിട്ട് അന്വേഷിച്ചുകൊണ്ടിരുന്നു. ചില ആൾക്കാർ തലകീഴോട്ട് ആക്കി ഗ്രൗണ്ടിൽ നിന്നുകൊണ്ട് കൃപയ്ക്കായിട്ട് കരയുക പതിവായിരുന്നു. രക്ഷയുടെ സന്തോഷവും സമാധാനവും കൈവരിക്കുന്നതിനായിട്ട് കുറച്ച് ആൾക്കാർ പ്രാർത്ഥിക്കാറുണ്ടായിരുന്നു.

ദൈവം ശക്തിയോടെ പ്രവർത്തനത്തിൽ

ചില പുതിയ അംഗങ്ങൾ കൂടി വന്നതോടുകൂടി കൂടി വരവിന്റെ വലിപ്പം കൂട്ടുവാൻ തുടങ്ങി. അങ്ങനെയുള്ള ഒരു ഉച്ചകഴിഞ്ഞുള്ള ഒരു പ്രാർത്ഥനാ കൂടിവരവിൽ ബ്രയിനാർഡ് ഇങ്ങനെ കേൾപ്പിച്ചു. ഞാൻ പൊതുവിൽ ഇങ്ങനെ പ്രസംഗിച്ചപ്പോൾ ചില കാണത്തക്ക പ്രചോദനങ്ങൾ സംഭവിച്ചു. എന്നാൽ അതിനുശേഷം ദൈവത്തിന്റെ ആത്മാവ് അവരുടെമേൽ വരികയും ഒരു ശക്തമായ കാറ്റ് അടിക്കുന്നതുപോലെ ഉണ്ടാകുകയും ചെയ്തു. ഞാൻ സ്തംഭിച്ചു നിന്നുപോയി. ലോകവ്യാപകമായി സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇവിടെയും ജനത്തെ പിടിച്ചു കലുക്കുന്നതായ സംഭവങ്ങളെ കണ്ടപ്പോൾ....

എല്ലാ പ്രായത്തിലുമുള്ള ജനങ്ങൾ വളര ആത്മഭാരത്തോടെ തലകുനിച്ചു നിന്നു പോയി..... പ്രായമുള്ള പുരുഷന്മാരും സ്ത്രീകളും വളരെ വർഷങ്ങളായിട്ട് മദ്യപിച്ചു വഷളായി നടന്നവർ, ആറോ ഏഴോ വയസ്സു മാത്രം പ്രായമുള്ള ചില ചെറിയ കുട്ടികൾ, വളരെ ആത്മഭാരത്തോട് മുന്നോട്ട് വന്നു, മദ്ധ്യകാലഘട്ടത്തിൽ സംഭവിച്ചതു പോലെയുള്ള ഒരു ദൈവപ്രവർത്തി.

... അവരൊക്കെയും അങ്ങനെ സാർവ്വത്രികമായിട്ട് പ്രാർത്ഥിക്കുന്നവരും കരയുന്നവരും ആയിരുന്നു. കരുണയ്ക്കുവേണ്ടി അതായത് എല്ലാ ഭവനങ്ങളിൽ നിന്നും കുറെ ധാരാളംപേർ പുറത്താക്കപ്പെട്ടവരായിരുന്നു ഭവനങ്ങളിൽ നിന്നും അങ്ങനെ കൂട്ടങ്ങളായി അവരൊക്കെയും പോകുകയോ അല്ലെങ്കിൽ നില്ക്കുകയോ ആയിരുന്നു. അവരുടെ ഭാരം വളരെ വലുതായിരുന്നു, അവരവർക്കു വേണ്ടി, മറ്റുള്ളവരുടെ ശ്രദ്ധപിടിച്ച് പറ്റുന്നതിൽ ആരും ശ്രമിച്ചിരുന്നില്ല. എന്നാൽ ഓരോരുത്തരും വളരെ സ്വാതന്ത്ര്യത്തോടെ അവർക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്നു.

....ഞാൻ അങ്ങു പറയട്ടെ വളരെ ആദരവോടെ ഇതുപോലുള്ള ദിവസം ഞാൻ ഇതുവരെയും കണ്ടിട്ടില്ല: അങ്ങനെയുള്ള ഒരു ദിവസമായിരുന്നു സർവ്വശക്തനായ ദൈവം എന്നെ വളരെ ശക്തമായിട്ട് ഉപയോഗിച്ചു അന്ധകാരത്തിന്റെ സാമ്രാജ്യത്തെ ഈ ജനത്തിന്റെ നടുവിൽ നിന്നു തകർത്തു മാറ്റുവാൻ.

സർവ്വശക്തനായ ദൈവത്തിന്റെ തുടർമാനമായിട്ടുള്ള പ്രവർത്തനം

അടുത്ത ദിവസം വൈകുന്നേരം ബ്രയിനാർഡ് ഒരു ചെറിയ കൂടിവരവിൽ നിറഞ്ഞു നിൽക്കുന്നതും എല്ലാം നല്കുന്നവനുമായ ക്രിസ്തുവിന്റെ സദ്ഗുണങ്ങളെയും അവന്റെ അടുക്കലേയ്ക്കു വരുന്ന എല്ലാവരെയും രക്ഷിക്കുവാനുള്ള അവന്റെ ഇഷ്ടത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. ബ്രയിനാർഡ് പിന്നീട് തന്റെ ഡയറിയിൽ ഇങ്ങനെ എഴുതി:ഒരു ദൈവികമായ സ്വാധീന ശക്തി നടത്തിപ്പ് അനുഭവിക്കുവാനും അവരോടു വളരെ ശക്തിയോട് സംസാരിക്കുവാനും അത് അവരെ വളരെ ആത്മഭാരത്തോടെ കരയുവാനും സഹായിച്ചു.

മറ്റുള്ളവരൊക്കെയും ആകരച്ചിൽ കേൾക്കുകയും പെട്ടെന്ന് ഒരുമിച്ച് കൂടുകയും ചെയ്തു. ബ്രയിനാർഡ് തുടർച്ചയായിട്ട് സുവിശേഷം അവരെ കേൾപ്പിക്കുകയും ആ സുവിശേഷം സ്വീകരിക്കുവാൻ ഉത്സാഹിപ്പിക്കുകയും അപ്പോൾ അവരെല്ലാവരും കണ്ണുനീരാൽ അലിഞ്ഞുതീരുന്നതു കാണുകയും വളരെ വലിയ ദു:ഖഭാരത്തോടെ സാക്ഷാൽ വിമോചകനായ യേശുക്രിസ്തുവിങ്കലേയ്ക്കു കടന്നു വരുകയും ചെയ്തു.

ചിലരൊക്കെയും അല്പമായിട്ടുള്ള കുഴപ്പം വരുത്തുന്നവരായിരുന്നു. അവരുടെ അത്യുത്സാഹത്തിൽ നേരത്തെ, എന്നാൽ ഇപ്പോൾ അവ ഒക്കെ യും ഹൃദയത്തിൽ ആഴമേറിയ മുറിവു ഏറ്റവരായിട്ടു വളരെ സ്പർശിക്കപ്പെട്ടവരായിട്ടുമാണ് കാണപ്പെടുന്നത്. ആ കൂടിവരവിൽ വന്നവരെ പൊതുവായിട്ട് വീക്ഷിക്കുമ്പോൾ അവരെല്ലാം വളരെയധികം പ്രബലമായ ഉത്കണ്ഠയുള്ളവരായിട്ടാണ് കാണപ്പെട്ടത്.

ഡയറി തുടർന്നുകൊണ്ടു പോകുന്നത് വളരെ ആ സമയത്തുള്ള ശക്തമായ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഒരു കവിഞ്ഞ് ഒഴുക്കിനെ കുറിച്ചുള്ള ഒരു നല്ല ആശ്വാസവും സമാധാനവും പ്രാപിക്കപ്പെട്ടത്, അവരിലൊക്കെയും ഒരു നല്ല ആശാവഹമായ മാറ്റങ്ങൾ ഉള്ളവരായി തീരുകയും അങ്ങനെ ഒരു പുതിയ സ്വഭാവമുള്ളവരായിട്ട് എളിമയും ദൈവത്താൽ വളരെ സമർപ്പിതരുമായി തീർന്നു.

ഞാൻ ജനങ്ങളോടു പ്രസംഗിച്ചതും സംസാരിച്ചതും എന്താണോ ഞാൻ ഉദ്ദേശിച്ചതു പോലെ നല്ല കുറ്റബോധം അവരിൽ ഉണ്ടാക്കുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ ദൈവത്തിന്റെ പ്രവർത്തന രീതികൾ വളരെ വ്യത്യസ്തമായതും എന്റെ മനോഭാവത്തിനു വിപരീതം ആയിട്ടാണ് അവന്റെ കരങ്ങളിൽ ഉപയോ

(ശേഷം 6-ാം പേജിൽ)

ശരിയായ മാനസാന്തരത്തിന്റെ ഏഴ് പ്രചോദനങ്ങൾ

By Richard Owen Roberts

ദൈവം നല്കപ്പെട്ടിരിക്കുന്ന മാനസാന്തരത്തിന്റെ ഏഴ് പ്രചോദനങ്ങളാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്.

1. ദൈവത്തിന്റെ പരമാവകാശങ്ങൾ പരമാധികാരിയായ ദൈവം നമ്മെ സൃഷ്ടിച്ചത്; നിർമ്മിച്ചത്, അത് നമുക്കു വേണ്ടിയല്ല, അവനുവേണ്ടിയാണ്. മാനസാന്തരപ്പെടാതെ ജീവിക്കുന്നതു മുഖാന്തരം നമ്മെ സൃഷ്ടിച്ച ദൈവ ത്തിന്റെ പരമമഹകാശത്തെ നാം ധിക്കരിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾക്ക് വ്യക്തിപരമായ ഏതെങ്കിലും പ്രശ്നങ്ങൾ മാനസാന്തരപ്പെടുവാൻ ഉണ്ടെങ്കിൽ ഇപ്പോൾ തന്നെ അത് നിങ്ങൾ അറിഞ്ഞിരിക്കണം: ദൈവത്തിനും അവിടുത്തെ അവകാശം ഉണ്ട്. ഞാൻ പാപം ചെയ്യുമ്പോൾ, ഞാൻ എന്റെ സൃഷ്ടികർ ത്താവിന്റെ അവകാശത്തിനു എതിരായിട്ട് പാപം ചെയ്യുന്നത് ഞാൻ ഇപ്പോൾ തന്നെ കുറ്റമോചനം പ്രാപിക്കണം.

2. ദൈവത്തിന്റെ വ്യക്തി: പാപം എല്ലായ്പ്പോഴും നമ്മുടെ ദൈവത്തെ പരസ്യമായിട്ട് അപമാനപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവത്തിനും അവിടുത്തെ അവകാശങ്ങൾ ഉണ്ട്, ദൈവം അവനിൽ തന്നെ വിശുദ്ധൻ ആണ്. അ വന്റെ പേര് പരിശുദ്ധൻ എന്നാണ്. അവിടുന്ന് പാപത്തെ ഒട്ടും സഹിക്കുന്നില്ല.

3. ദൈവത്തിന്റെ വചനം. എല്ലാ പാപവും ദൈവത്തിന്റെ നിയമത്തിനു എതിരാണ്. ആരെങ്കിലും വേദപുസ്തകത്തെ സ്നേഹിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്നുവെങ്കിൽ സങ്കീർത്തനക്കാരനോട് ചേർന്ന് പറയണം “ നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രീയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു ” (സങ്കീ. 119:97). ദൈവത്തിന്റെ നിയമത്തിന് മുമ്പിൽ അവന്റെ മാനസാന്തരത്തിനു അഗാധമായ പ്ര ചോദനങ്ങളായിരുന്നു തീർച്ചയായിട്ടു എല്ലാ ദൈവത്തിന്റെ വചനവും.

4. ദൈവത്തിന്റെ സ്നേഹം. എത്രയോ അത്ഭുതകരമായ പ്രവൃത്തിയാണ്. നാം മരിക്കേണ്ട സ്ഥാനത്തു സ്വർഗ്ഗീയ പിതാവ് തന്റെ പുത്രനെ അയച്ചതും മരിച്ചതും ദൈവ സ്നേഹം തന്നെ മാനസാന്തരത്തിനു ആയിട്ടുള്ള ഒരു അത്ഭുതമായ പ്രചോദനമാണ്. എങ്ങനെയാണ് ചി ലർക്ക് പറയുവാൻ സാധിക്കുന്നത് ദൈവസ്നേഹം അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞെന്നും, അപ്പോൾ തന്നെ പാപത്തെ പിൻതുടരുന്നതു?

5. യേശുക്രിസ്തുവിന്റെ ശരീരവും രക്തവും എപ്രകാരമാണ് ഒരുവന് കർത്താവിന്റെ മേശയിൽ വരുവാനും ഹൃദയത്തിൽ പാപത്തെ ആശ്ലേഷിക്കുവാനും സാധിക്കുന്നത്? എങ്ങനെയാണ് ഒരു വ്യക്തി തെറ്റായ ചിന്തകളിൽ മുഴുകി നടക്കുകയും തെറ്റായ പ്രവൃത്തികളിൽ ജീവിക്കുകയും ചെ യ്യുന്ന സമയത്ത് തിരുവത്താഴ ശുശ്രൂഷയിൽ അനുഭവിക്കുന്ന യേശുവിന്റെ ശരീരവും രക്തവും സംബന്ധിച്ച് യാതൊരു ഓർമ്മയും കൂടാതെ ഭാഗഭാഗാക്കൾ ആയി തീരുന്നത്? ക്രൂശീകരണത്തിന്റെ സകല ഓർമ്മകളോടുകൂടെയും യേശുക്രിസ്തുവിന്റെ പരമയാഗത്തെ കുറിച്ചുള്ള എല്ലാ ഓർമ്മകളും വളരെ ശക്തമായതും ആഴമുള്ളതുമായ മാനസാന്തരമാണ് ഉളവാക്കുന്നത്.

6. ദൈവകോപം.എല്ലാ പാപികളും വളരെ വ്യക്തമായിട്ട് വെളിപ്പെട്ട് ദൈവവചനത്തിന്റെ മുന്നറിയിപ്പിനു മുമ്പാകെ പ്രചോദനം ഉള്ളവരായി തീരണം. “ ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റു ഒഴിയും ” (എബ്രാ. 2:4).

7. നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ ആഗ്രഹം. മാനസാന്തരപ്പെടാതെ നാം എത്ര കാലഘട്ടങ്ങൾ നാം ജീവിക്കുന്നുവോ, അത്രയും നഷ്ടമാക്കുകയാണ് ദൈവത്തിന് നമ്മിലുള്ള ആഗ്രഹത്തെയും ദൈവരാജ്യത്തിൽ നിന്നു നാം വഴുതിമാറുകയുമാണ് ചെയ്യുന്നത്.

അവിടുത്തെ കരുണയാൽ, ഓ ദൈവമേ, ഞങ്ങളിൽ ആരും തന്നെ അവിടുത്തെ ആഗ്രഹത്തിൽ നിന്നു വഴുതി മാറുവാൻ അനുവദിക്കരുത്. ഞങ്ങൾ പൂർണ്ണമായിട്ട് പ്രചോദിതരായി മാറുകയും മുഴുവനും പരിപൂർണ്ണവുമായ മാനസാന്തരത്തോടെ നിത്യ രാജാവായ യേശുവിന്റെ മഹത്വം ആയിതീരട്ടെ!

❖

(7-ാംപേജിന്റെ തുടർച്ച)

ഞാൻ ദൈവത്തിനു വേണ്ടി ജീവിക്കാൻ ആഗ്രഹിക്കുന്നു.

ഗിക്കപ്പെട്ടതും അങ്ങനെ ഞാൻ അവന്റെ പ്രവർത്തികളുടെ നടത്തിപ്പിനെകുറിച്ച് സംസാരിക്കുവാനുള്ള ഒരു ഉപകരണമായിട്ട് മാറിയപ്പോൾ എനിക്ക് തന്നേ അത് വിശ്വസിക്കുവാൻ വളരെ ഭയമുള്ളതും ആയിതീരും.

.....ഞാൻ ഒന്നും ചെയ്യാത്തവനായിട്ടാണ് കാണപ്പെട്ടത്, അതേ, ഒന്നും ചെയ്യേണ്ടതായിട്ടില്ലായിരുന്നു, എന്നാലും..... “ ഭയപ്പെടേണ്ടാ: ഉറെച്ചു നില്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ് വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ ” (പു റ. 14:13). അങ്ങനെ ഞാൻ സന്തോഷത്തോടെയും കൃതജ്ഞത ഉള്ളവനായകുകയും എനിക്ക് പറയുവാനും സാധിക്കുന്നു, ഞങ്ങളിലേയ്ക്കു അരുത്, ഉപകരണങ്ങളിലേയ്ക്കോ മാർഗ്ഗങ്ങളിലേയ്ക്കോ അരുത്, എന്നാൽ അങ്ങയുടെ നാമത്തിന്റെ മഹത്വത്തിനായിട്ട് മാത്രം.

പഴയതെല്ലാം മാറിപ്പോയി എല്ലാം പുതിയതായി

മാനസാന്തരപ്പെട്ട ഇൻഡ്യക്കാരിൽ ഉണ്ടായ രൂപാന്തരം വളരെ പ്രകടമായിരുന്നു. ബ്രയിനാർഡ് എഴുതി. ഇത് വളരെ ആഗ്രഹിച്ചതും മാധുര്യമുള്ള കാലഘട്ടം ആയിരുന്നു തീർച്ചയായിട്ടു. അവരുടെ ഹൃദയങ്ങൾ വളരെ സന്തോഷം നിറയപ്പെട്ടതും പ്രതിജ്ഞാബദ്ധവും ആയിരുന്നു. അവർ സന്തോഷിച്ചതു അവർക്ക് സമൂഹത്തിൽ ഉണ്ടായിരുന്നതും പാവനമായ നിലയിൽ ദൈവത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടതും ആയിരുന്നു. സ്നേഹം അവരുടെ ഇടയിൽ വാഴുന്നതായിട്ടു കാണപ്പെട്ടു.

....അവരുടെയെല്ലാം പരസ്പരമുള്ള പെരുമാറ്റ രീതികൾ കാഴ്ചക്കാരിൽ വളരെ ഗൗരവം ഉളവാക്കത്ത നിലയിൽ ശ്രദ്ധപിടിച്ച് പറ്റുന്നതും അവേശത്താൽ വികാരം നിർഭരമാക്കുന്നതും വളരെ ആദരവോടെ കാണുക, എങ്ങനെയാണ് അവർ പരസ്പരം സ്നേഹിക്കുന്നതു എന്നു പറയത്തക്ക നിലയിലും. ധാരാളം മറ്റുള്ള ഇൻഡ്യക്കാർ, ഇത് കാണുകയും കേൾക്കുകയും ചെയ്തപ്പോൾ വളരെ ചിന്തിക്കുകയും കരയുകയും ചെയ്തുകൊണ്ട് ഈ സന്തോഷത്തിന്റെയും ആശ്വാസത്തിന്റെയും തുല്യപങ്കാളികൾ ആകുവാൻ ആഗ്രഹിക്കുകയും ചെയ്തു. കാരണം അത്രമാത്രം വളരെ വലിയ മാറ്റങ്ങളാണ് അവരുടെ പെരുമാറ്റത്തിലും മുഖഭാവത്തലും കാണപ്പെട്ടത്.

ദൈവത്തിന്റെ ആധികാരികമായ പ്രവർത്തികൾ അവരുടെ മദ്ധ്യേ സംഭവിക്കപ്പെട്ടതും അവർക്കു പരമാർത്ഥതയോടുകൂടിയുള്ള വണക്കത്തിലും ദു:ഖത്തോടുള്ള പശ്ചാത്താപവും, അവരിൽ സംഭവിച്ച നാടകീയമായ മാറ്റങ്ങളും അതുപോലെ പാപം ക്ഷമിക്കപ്പെട്ടതുമൂലം പ്രാപിക്കപ്പെട്ട വാഗ്ദത്തങ്ങളും ദൈവത്തെ അവർ സ്വീകരിച്ചതിലുള്ള സന്തോഷവും എല്ലാം ഡേവിഡ് ബ്രയിനാർഡിനെ വളരെ ശക്തിയായ സാക്ഷിയാക്കി തീർത്തു. പുതിയതായി മാനസാന്തരപ്പെട്ടു വിശ്വാസത്തിലേയ്ക്കു വന്നവർ ദൈവവചനം കേൾക്കുവാൻ വളരെ ഉത്സാഹികളായിരുന്നു. ഇരുപത്തി നാലു മണിക്കൂറുകൾ നീണ്ടു നിന്നിരുന്ന ആരാധനകളിൽ ഒരുമിച്ച് പങ്കെടുക്കുമായിരുന്നു. അവർക്ക് അങ്ങനെയുള്ള ഒരു സാഹചര്യം ലഭ്യമായിരുന്നുവെങ്കിൽ. ബ്രയിനാർഡിന്റെ ശുശ്രൂഷക

(ശേഷം 9-ാം പേജിൽ)

(8-ാംപേജിന്റെ തുടർച്ച)

ഞാൻ ദൈവത്തിനു വേണ്ടി ജീവിക്കാൻ ആഗ്രഹിക്കുന്നു.

കൾക്കുശേഷം വിശ്വാസികൾ ണിക്കൂറുകൾ തുടർച്ചയായിട്ടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

വനത്തിലെ ആ ചെറിയ കൂടിവരവുകളെകുറിച്ച് ബ്രയിനാർഡ് എഴുതി: എനിക്ക് അറിയാവുന്ന ഒരു ക്രിസ്ത്യാനികളുടെ കൂടിവരവുകളിലും ഒന്നിലും ഇതുപോലെയുള്ള ഒരു ദൈവിക സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല. സഹോദര സ്നേഹം നിറഞ്ഞു നിന്നതും, ഒരുമിച്ചുള്ള ആരാധനയിൽ ഞാൻ ദൈവത്തെ ആരാധിക്കുവാൻ വളരെ സന്തോഷമുള്ളവനും... ഏകദേശം ഒൻപത് മാസം മുമ്പ് അവർ പിശാചിനെ ആരാധിച്ചിരുന്നവരും അന്ധവിശ്വാസത്തിന്റെയും അന്ധതയുടെയുമായ ജാതീയ ശക്തിയുള്ള ഊമ വിഗ്രഹത്തിന്റെ കീഴിലുള്ളവരുമായിരുന്നു. അത്ഭുതകരമായ മാറ്റം ആണ് ഇത്. ദൈവീകമായ ശക്തിയുടേതും കൃപയും അല്ലാതെ ഇത് വേറെ ഒന്നും തന്നേയല്ല. ഇതാണ് ദൈവപ്രവർത്തി നമ്മുടെ ദൃഷ്ടികളിൽ ആശ്ചര്യമായിരിക്കുന്നു,

ഡേവിഡ്ബ്രയിനാർഡിനെകുറിച്ച് ചുറുചുറുക്കുള്ള വേലക്കാർ ഒത്തിരികാര്യങ്ങളാണ് പറയുവാനുണ്ടായിരുന്നത്. ഇൻഡ്യക്കാരുടെ ഇടയിലുള്ള വേലക്കാരുടെ അടുക്കലേയ് ക്ക് എത്തിച്ചേരുവാൻ അവൻ 3000 മൈലുകളിൽ അധികം കുതിരപുറത്ത് യാത്ര ചെയ്യേണ്ടി വന്നു. അവൻ ധാരാളം കഷ്ടതകൾ അനുഭവിക്കേണ്ടതായിട്ട് വന്നു. ചിലപ്പോൾ തുറസ്സായ സ്ഥലമായ ഗ്രൗണ്ടിൽ കിടന്ന് ഉറങ്ങേണ്ടതായിട്ടുവരും. തണുപ്പും ചൂടും മഴയുമെല്ലാം സഹിക്കേണ്ടതായി വന്നു. ചില രാത്രികളിൽ കുറുക്കന്മാർ അവന്റെ ചുറ്റും വന്നു നിന്ന് ഓരിയിട്ട് ശബ്ദം ഉണ്ടാക്കി ശല്യപ്പെടുത്തുകയും പതിവായിരുന്നു. അപ്പോസ്തലനായ പൗലൊസിനെ പോലെ, എങ്ങനെ ഒക്കെ ആയിരുന്നാലും, ഈ കഷ്ടതകളുടെ നടുവിൽ എല്ലാം താൻ വളരെ സന്തുഷ്ടനായിരുന്നു എന്നുള്ളത് തന്നിൽ കണ്ട ഒരു അത്ഭുതം തന്നെ ആയിരുന്നു. അതുകൊണ്ട് താൻ ഇങ്ങനെ എഴുതി: അങ്ങനെയുള്ള ക്ഷീണങ്ങളും കഷ്ടതകളുമെല്ലാം ഇതൊക്കെയും ഭൗമികതകളിൽ നിന്ന് എന്നെ പിൻതിരിപ്പിക്കുകയും എന്റെ ആശ്രയം സ്വർഗ്ഗത്തിലെ അത് കൂടുതൽ മാധുര്യമുള്ളതാക്കി തീർക്കുകയും ചെയ്തു.

ഇൻഡ്യൻസിന്റെ ജയിൽ താൻ ഓരോ ആഴ്ചകളിലും ധാരാളം പ്രാവശ്യം പ്രസംഗിക്കുകയും മാത്രമല്ല ചെയ്തത്, അവരെ ചെന്ന് കാണുകപതിവായിരുന്നു. അവന്റെ ആ ചെറിയ ഭവനം മിക്കപ്പോഴും സന്ദർശകരാൽ തിക്കും തിരക്കും ഉള്ളതായിരുന്നു. സമയാസമയങ്ങളിൽ വെള്ളക്കാരായ ആൾക്കാരുടെ മദ്ധ്യേയും താൻ ശുശ്രൂഷകൾ ചെയ്തിരുന്നു. പള്ളിയിൽ പോകുവാൻ പറ്റാത്ത തരത്തിൽ താൻ വളരെ ക്ഷീണിതനായി തീരുമ്പോൾ, ജനങ്ങൾ എല്ലാം തന്റെ കിടക്കയുടെ ചുറ്റും വന്നു കൂടുകയും അദ്ദേഹം അവർക്കുള്ള ശുശ്രൂഷകൾ ചെയ്യുകയും പതിവായിരുന്നു. അവസാനത്തിൽ തന്റെ വളരെ സ്നേഹമുള്ള പ്രീയപ്പെട്ട ജനത്തെ അവിടെ വിട്ടേച്ച് വടക്കൻ മേഖലയിലേക്ക് യാത്ര അയച്ച് സ്വീകരിച്ച് കടന്നു പോയപ്പോൾ തനിക്ക് കഷ്ടിച്ച് കുതിരപ്പുറത്ത് ഇരിക്കുവാനേ കഴിഞ്ഞിരിന്നുള്ളൂ. ജോനാഥാന്റെ എഡ്വേർ ഡിന്റെ ഭവനത്തിലേക്ക് അവിടെയാണ് തന്റെതായ അവസാനകാലഘട്ടങ്ങൾ ചിലവഴിച്ചത്.

അവന്റെ പ്രവർത്തി പൂർത്തീകരിച്ചു.

ഞാൻ മിക്കവാറും നിത്യതയിൽ ചേർക്കപ്പെട്ടു. ബ്രയിനാർഡ് ഇങ്ങനെ പറയുകയും

(ശേഷം 10-ാംപേജിൽ)

ജാഗ്രതരാകുക - പാപത്തിന്റെ നിസ്സാര ചിന്തകളിൽ

By Charles H. Spurgeon

പാപത്തിന്റെ എല്ലാ നിസ്സാര ചിന്തകളെകുറിച്ചു ജാഗ്രതയുള്ളവരാകുക. മാനസാന്തരപ്പെട്ട സമയത്ത്, നാം വളരെ ചെറിയ പാപത്തെയും അതിന്റെ പരിണിത ഫലത്തെ കുറിച്ചും നല്ല ബോധവാന്മാരായിരുന്നു. ഇപ്പോൾ മാനസാന്തരപ്പെട്ടവർക്ക് ചില വിശുദ്ധ പേടി ഉണ്ട്, ഒരു ദൈവീകമായ ഭയം, അവർ ദൈവത്തെ ദ്രോഹിക്കുവാൻ താല്പര്യപ്പെടുന്നില്ല. എന്നാൽ നമ്മുടെ ചുറ്റുപാടുമുള്ള ലോകത്തിന്റെ പരുക്കനായ പ്രവർത്തികൾ കൊണ്ട് ഇതെല്ലാം മാറിപോകുകയാണ്, ആദ്യ സമയങ്ങളിൽ പാകമായി പഴുത്തു വന്ന ഫലങ്ങൾ എല്ലാം തന്നെ.

ഇത് എത്രയോ ദയനീയമായ വസ്തുതയാണ് ചുരുക്കത്തിൽ ക്രിസ്ത്യാനികളായവർ ഇന്ന് മുന്നോട്ടു ജീവിച്ച് വളരുന്നത് വളരെ കഠോരമായ പാപങ്ങളും അതേ സമയം ഒരു കാലഘട്ടത്തിൽ വളരെ ഞെട്ടലോട് കരുതിയിരുന്നതും എന്നാൽ ഇന്ന് അവന് ഒരു ചെറിയ നിലയിൽ പോലും മുന്നറിയിപ്പ് നല്കുന്നുമില്ല. ഇന്ന് മനുഷ്യൻ പാപത്തോടു വളരെ പരിചിതരായി തീർന്നിരിക്കുകയാണ്. ചെവികൾ കൊണ്ട് വളരെ ലഘുവായ ശബ്ദത്തെ കേൾക്കുവാൻ സാധിക്കുന്നില്ല. ആദ്യകാലഘട്ടങ്ങളിൽ ചെറുതും നിസ്സാരവുമായ പാപങ്ങൾ നമ്മെ ഞെട്ടിപ്പിച്ചിരുന്നു. എന്നാൽ വളരെ വേഗം നാം പറയുന്നു. ഇതെല്ലാം അത്രയ്ക്കു നിസ്സാരമായവതല്ലേ? അപ്പോൾ അവിടെ മറ്റൊന്നു കടന്നുവരുന്നു, വലുതായതു അങ്ങനെ വേറൊന്നും, പാപത്തിന്റെ അളവ് അനുസരിച്ച് ഇതെല്ലാം ഒരു പരാജയം ആണെന്നു നാം മനസ്സിലാക്കുവാൻ ആരംഭിക്കുന്നതുവരെ, അപ്പോൾ ഒരു വിശുദ്ധമല്ലാത്ത തോന്നൽ പിൻതുടരുകയും ചെയ്യുന്നു. ഞങ്ങൾ ഒന്നും പറയത്തക്ക പാപങ്ങളിൽ വീണിട്ടില്ല. ശരിതന്നെ, അല്പം വഴുതിപോയിരുന്നു. എന്നാലും ഞങ്ങൾ സത്യം വിട്ടൊന്നും ചെയ്തില്ല. ഞങ്ങൾ ഒരു പക്ഷേ വിശുദ്ധമല്ലാത്ത ചില വാക്കുകൾ ഒക്കെയും പറഞ്ഞിട്ടുണ്ടാകാം, എന്നാലും തങ്ങളുടെ മാനസാന്തരത്തിൽ തന്നേ ഇന്നും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് പാപത്തിന് ഞങ്ങൾ ക്ഷമ ചോദിക്കുന്നു. ഞങ്ങളുടെ വസ്ത്രം അതിന്മേൽ എറിഞ്ഞുകളഞ്ഞു; ഞങ്ങൾ അതിന് മധുരമായ നാമം കൊടുത്തിരിക്കുന്നു. അല്പം അലപമായിട്ട് നിങ്ങൾ വീണേക്കാവുന്നതിനെക്കുറിച്ച് ശ്രദ്ധയുള്ളവരായി മാറുക.

പാപം, എന്നു പറയുന്നത് ഒരു ചെറിയ കാര്യമാണോ? ഇത് ഒരു വിഷമല്ല. ഓക്ക് മരത്തിനെ ചെറിയ കാറ്റ് നിലംപതിപ്പിക്കുവാൻ കാരണം ആകുന്നില്ലേ? തുടർമാനമായിട്ട് ഉണ്ടാകുന്ന തുള്ളികൾ കല്ലുകളെ താഴേക്കു വീഴിക്കുന്നില്ലേ? പാപം, ഒരു ചെറിയ (ലഘുവായ) വസ്തുതയാണോ? ഇത് വിമോചകന്റെ തലയിൽ മുൾകിരീടം അണിയിച്ചതും അവിടുത്തെ ഹൃദയത്തെ തുളച്ച് ആഴ്ന്ന് ഇറങ്ങി ചെന്നതുമാണ്. നിത്യതയുടെ അളവ് അളക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, തീർച്ചയായിട്ടും നിങ്ങൾ ഒരു പാമ്പിനെപോലെ വേഗം മാറിപോകുകയും വളരെ നിസ്സാരമായ പാപത്തിന്റെ പ്രത്യക്ഷതകളെപോലും വലിയ വെറുപ്പോടെ തിന്മയായിട്ട് ദർശിക്കുകയും ചെയ്യും. എല്ലാ പാപത്തിനുമായിട്ട് ക്രൂശിക്കപ്പെട്ടവനായ നമ്മുടെ രക്ഷിതാവിനെ ഒന്ന് നോക്കുക, നിങ്ങൾക്ക് കാണുവാൻ സാധിക്കും. ഇതെല്ലാം അങ്ങേയറ്റം പാപകരം.

സകലവും വിശുദ്ധീകരിക്കുന്ന അവന്റെ രക്തമാകുന്ന സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് വലിച്ചെറിയാം

By Henry Law (1797 - 1884)

ഞങ്ങൾ അങ്ങയ്ക്കു നന്ദി കരേറ്റുന്നു. ഓ.പിതാവേ, എന്തുകൊണ്ടെന്നാൽ അങ്ങ് നല്ലവനും അവിടുത്തെ ദയ എന്നേക്കു ഉള്ളതു ആകുന്നു.

അങ്ങേയുടെ പ്രീയ പുത്രനും ഞങ്ങളുടെ ഏക രക്ഷകനും ഇന്നേ ദിവസം അധികം അധികം ആയിട്ട് ഞങ്ങൾ ആരാധിക്കുന്ന ഹൃദയങ്ങളിൽ വെളിപ്പെടുമാറാകട്ടെ. ഞങ്ങൾ ആഗ്രഹിച്ചുപോകുകയാണ് അവിടുത്തെ അതിരുകടന്ന സ്നേഹത്തിന്റെ ആഴവും, നീളവും, വീതിയും, ഉയരവും!

വിശ്വാസത്തിന്റെ കണ്ണിൽ കൂടി അധികം അധികമായിട്ട് ഗ്രഹിക്കുവാൻ ഞങ്ങളെ സഹായിക്കുക, അവനാണല്ലോ ഞങ്ങൾക്കായിട്ട് ക്രൂശീകരിക്കപ്പെട്ടതും അവന്റെ മഹത്വത്തിന്റെ മഹത്വത്തിൽ നിന്നുള്ള ആ സാദൃശ്യത്തോട് ഞങ്ങൾ അനുരൂപപ്പെടുവോളം.

നാം പഠിച്ച് മനസ്സിലാക്കാം അവന്റെ ആ ക്രൂശിന് സംഭവിച്ച അതിരുകടന്ന നിന്ദകളും ഭയാനകമായ പാപത്തിന്റെ വഞ്ചനകളും, നാം തീർച്ചയായിട്ടും പഠിപ്പിക്കേണ്ടിയിരിക്കുന്നു. അത് ഒന്നും അളക്കുവാൻ ആ അതിരുകടന്ന അവന്റെ വളരെ ദയനീയമായ പങ്കപാടുകൾ അനുഭവിക്കുവാനുള്ള മനസ്സും അങ്ങനെ നമ്മുടെ സ്ഥാനത്തു നിന്നു നമുക്ക് പകരമായിട്ട് ഏൽ ക്കേണ്ടിവന്ന ദുരിതങ്ങൾക്ക് സ്വയം സമർപ്പിതമായതു. നാം എല്ലാ പാപവും നമ്മുടെ ജീവിതത്തിൽ സംഭവിച്ചേക്കാവുന്നച അതാതിന്റെ സമയത്തു തന്നെ കൊണ്ട് വന്ന് അവന്റെ സർവ്വവും വിശുദ്ധീകരിക്കുന്ന ആ പരിശുദ്ധമായ രക്തത്തിന്റെ ആഴുമുള്ള സമുദ്രത്തിന്റെ അടിയിലേക്കു വലിച്ചെറിയണം!

അനുഗ്രഹീതനായ യേശു, നിന്നിൽ കൂടി നമുക്ക് പിതാവിങ്കലേയ്ക്കു കടന്ന് വരുവാനുള്ള മാർഗ്ഗം ആയി തീർന്നുവല്ലോ. അങ്ങിൽ കൂടി ഞങ്ങളെ അരികത്തേക്കു കൊണ്ടുവന്നിരിക്കുന്നു. ഇന്ന് എപ്പോഴും ആരാധിക്കുവാൻ അവിടുത്തെ കൃപ ആവശ്യമാണ്, നിന്ദകളാൽ ക്രൂശിക്കപ്പെട്ട അവിടുത്തെ ശരീരത്തിൽ കൂടി തുറക്കപ്പെട്ടതും.

ശ്രേഷ്ഠനായ മഹാ പുരോഹിതൻ, എങ്ങും പിതാവിന്റെ വലത്തുഭാഗത്തു പക്ഷവാദം ചെയ്യുന്നവരും, പാപത്താൽ ചെളിപിടിക്കപ്പെട്ടതുമായ നമ്മുടെ പ്രാർത്ഥനകളെ എന്നും സ്വീകരിക്കുന്നവനുമായ അങ്ങയുടെ വിശുദ്ധമായ രക്തത്താൽ അത് എല്ലാം കഴുകി ശുദ്ധീകരിക്കുകയും, അങ്ങയുടെ മഹത്തവും മധുരമായതുമായ നന്മകളാൽ അതിനെ നല്ല സുഗന്ധമുള്ളതാക്കി തീർത്തു, അങ്ങനെ അതിനെ അവിടുത്തേക്ക് സ്വീകാര്യമായിട്ട് എടുത്താലും. ഞങ്ങൾക്കു പകരമായിട്ട് ആ മുറിവേറ്റ കരങ്ങൾ ഒന്നും വിടർത്തുക. ഞങ്ങളുടെ ആവശ്യങ്ങളുടെ ആഴങ്ങളെയും കാണുകയും അങ്ങയുടെ മുമ്പാകെ കാത്തിരിക്കുന്ന ഞങ്ങളുടെ ആത്മാവിന്റെ മേൽ അവിടുത്തെ അനുഗ്രഹ ആശീർവാദങ്ങൾ ചൊരിയുകയും ചെയ്താലും.

അങ്ങയുടെ വാക്കുകൾ മുമ്പോട്ട് പോകട്ടെ, കീഴടക്കികൊണ്ട് കീഴടക്കുവാൻ. ഞങ്ങളുടെ പാറപോലുള്ള ഹൃദയങ്ങളെ തകർക്കുവാനുള്ള ചുറ്റികയെ ശക്തീകരിക്കുക. അവിടുത്തെ ശക്തിയെ അതിജീവിക്കുന്ന യാതൊന്നും ഇല്ല.

നിനക്ക് അർപ്പണം ആയി നല്കുവാൻ വളരെ നല്ലതായൊന്നും ഇല്ല.

പരധിക്കതീതമാണ് അവിടുത്തെ ശക്തി!

നിന്റെ സ്നേഹത്തിനു അതിരുകളില്ലാത്തതാണ്!

നിന്റെ കരുണ സീമയറ്റതാണ്

അങ്ങേയ്ക്കു നേടി എടുക്കുവാൻ തക്ക അത്രയും മഹത്വകരമായതൊന്നും ഇല്ല.

നിന്റെ ശക്തിയെ വെളിപ്പെടുത്തുക, പാപികൾ എല്ലാവരും പശ്ചാത്തപിക്കട്ടെ, മുടിയനായ പുത്രന്മാർ മടങ്ങി വരട്ടെ, പുറത്താക്കപ്പെട്ടവരും അകത്തു പ്രവേശിക്കട്ടെ, എതിരാളികൾ അനുസരണത്തോടെ സമർപ്പിക്കട്ടെ. പിൻമാറ്റക്കാർ വീണ്ടെടുക്കട്ടെ, പിശാചിന്റെ അടിമത്വത്തിലുള്ളവർ മോചിതരാകട്ടെ, അന്ധന്മാർ കാണട്ടെ, തകർക്കപ്പെട്ട ഹൃദയങ്ങൾ കുതിച്ച് ചാടട്ടെ, വീഷാദമുള്ളവർ സന്തോഷിക്കട്ടെ, സ്വയം നീതീകരണമുള്ളവർ തങ്ങളുടെ അർത്ഥശൂന്യങ്ങളായ വാദഗതികൾ തീരുത്തട്ടെ, ആചാരൈകനിഷ്ഠൻ വ്യാജത്തിന്റെ അഭയകേന്ദ്രത്തിൽ നിന്നു പുറത്തു വരട്ടെ, മുദ്ര അടയാളങ്ങൾ തകരട്ടെ. നിന്റെ വിശുദ്ധന്മാർ അവരുടെ ഏറ്റവും വിശുദ്ധമായ വിശ്വാസത്തിൽ പണിയപ്പെടുകയും അവരെല്ലാം നിത്യമായ തേജസ്സിന്റെ അവകാശങ്ങൾ പ്രാപിക്കുവാൻ യോഗ്യതയുള്ളവരായി തീരട്ടെ!

ഞങ്ങൾ മഹത്തായ കാര്യങ്ങൾ ആവശ്യപ്പെടുന്നു. എന്നാൽ ഞങ്ങൾ ആവശ്യപ്പെടുന്നത് നീ ഞങ്ങളുടെ വലിയവനും ഭയങ്കരനുമായ ദൈവം. മഹത്വവും സർവ്വശക്തിനുമായ രക്ഷകന്റെ സർവ്വ നാമത്താലും അങ്ങയുടെ സ്വന്തപുത്രൻ ആയവനുമായ യേശു ക്രിസ്തു ഞങ്ങളുടെ വീഴ്ച സംഭവിക്കാത്ത മദ്ധ്യസ്ഥനും വിമോചകനും ആയവനു ആമേൻ.

❖

(9-ാംപേജിന്റെ തുടർച്ച)

ഞാൻ ദൈവത്തിനു വേണ്ടി ജീവിക്കാൻ ആഗ്രഹിക്കുന്നു.

ക്രമേണ തന്റെ ബലമെല്ലാം നഷ്ടപ്പെടുകയും ചെയ്തു. എന്റെ പ്രവർത്തികൾ ചെയ്തിരിക്കുന്നു.... സർവ്വലോകവും എനിക്ക് ഒന്നും അല്ല. ഞാൻ സ്വർഗ്ഗത്തിനായിട്ട് അധികം കാംക്ഷിക്കുന്നു. ദൈവത്തെ അവന്റെ ദൂതന്മാരുമായിട്ട് സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുവാൻ. എന്റെ എല്ലാ ആഗ്രഹവും ദൈവത്തെ മഹത്വപ്പെടുക എന്നതിനാണ്. അവന് കേവലം മുപ്പത് വയസ്സുമാത്രം പ്രായമേ ഉണ്ടായിരുന്നുള്ളൂ. കർത്താവിന്റെ സന്നിധിയിലേക്ക് താൻ ചേർക്കപ്പെടുമ്പോൾ.

ഡേവിഡ് ബ്രയിനാർഡ് വളരെ വൈമനസ്യമുള്ളവനായിരുന്നു. തന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ ഡയറിയിലെ കാര്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ സമ്മതം നല്കുന്ന കാര്യത്തിൽ. എന്നാൽ താൻ സമ്മതിക്കുകയും ജോനാഥാൻ എഡ്വേർഡ് തീർച്ചയായിട്ടു ഡയറി പ്രയോജനപ്പെടുത്തുകയും ദൈവത്തിന്റെ മഹത്വത്തിനായിട്ട് ഉപയോഗിക്കുവാൻ അനുയോജ്യമായതാണെന്ന് ചിന്തിക്കുകയും ചെയ്തു. വർഷങ്ങളായിട്ട് ദൈവം ഈ ഡയറിയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ അനേകായിരങ്ങൾക്ക് പ്രയോജനപ്പെടുവാനും ജീവിതത്തിലെ വെല്ലുവിളികളെ പ്രാർത്ഥനയിൽ കൂടി നേരിടുവാനും പൂർണ്ണഹൃദയത്തോടെ കർത്താവിനെ സേവിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നേ, ഉണർവ്വിന്റെ ആഗമനത്തിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. നമ്മുടെയും ഹൃദയങ്ങൾ അപ്രകാരം പ്രാർത്ഥനയ്ക്കായിട്ട് പ്രയോജനപ്പെടുത്തുകയും നമ്മുടെ ഈ ദിവസങ്ങളിൽ ഒരു ഉണർവ്വിനുള്ള വില നാം കൊടുക്കുവാൻ തയ്യാറാകുക!

❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975